a) In the event of failure on the part of the Purchaser to fulfill the conditions in the contract within the time limit prescribed, The Divisional Forest Officer may cancel the allotment and forfeit all the amounts paid by 100 Purchaser including the security deposit, duly

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

reverting/confiscating the material released from the plantations at site. This will be informed to the Purchaser through registered letter under acknowledgement.

b) Purchaser shall be responsible for any illicit felling or removal or trees or other produce or hunting of any wild animal within 100 m of the contract area. Unless otherwise proved, to the satisfaction of the Divisional Forest Officer such illicit felling or hunting may render this contract liable to be cancelled in addition to forfeiture of all amounts paid by the purchaser and of all stock of produce collected under the contract but not removed from the area

c) On cancellation of the agreement the unit will be auctioned or disposed | otherwise at the risk and loss of the Purchaser. When the unit is so auctioned or disposed whatever best amount is offered may be accepted irrespective of the original value of the unit auctioned. The balance amount due to Kerala Forest Department if any will be recovered from the Purchaser but who will not be entitled to any excess amount if obtained by such disposal. In such a case the decrease in the volume/ weight ratio of the material already extracted, if any, will also be treated as a loss to Kerala Forest Department and is recoverable from the Purchaser.

d) If the value fetched in the auction is less than that obtained in theo riginal auction the difference between them together with all incidental expenditure for fixing up of the auction including notification charges as assessed by the Divisional Forest Officer concerned will be recovered from the defaulting bidder through legal means including Revenue Recovery Act in force. If the value fetched in the re auction is more than that obtained in the original auction, the first bidder will not be eligible for any claim due to this.

**19. Indemnity for any loss or damage**

(a) The purchaser shall not be entitled to claim any compensation whatsoever in case the Kerala Forest Department is not able to supply of extracted produce from the said unit due to unforeseen circumstances like floods, cyclone, tempest, disease, pest, drought or any other natural calamities.

(b) The Kerala Forest Department will not be responsible for any loss or damage that may be caused to the produce sold to the purchaser as a result of fire, floods, theft or any other calamity.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) Where the material is stocked in the plantation sites/temporary dumping yard, the Purchaser shall make his own arrangement to safeguard the produce in an appropriate manner besides insuring the same against any calamities. : 22, 22.Observance of Acts and Rules

(a) The Purchaser shall at all times abide by the provisions of Kerala Forest Act 1961 as amended from time to time and Rules made there under: ~

(b) The provisions of GST as amended from time to time shall apply to this auction on confirmation and the Purchaser shall abide by the provisions of GST Rules.

(c) The provisions of Indian Income Tax and other Central/State Acts as applicable to the auction shall apply to the auction on the confirmation and the Purchaser shall abide by the provisions of these Acts and Rules.

(d) Liabilities under the workmen's compensation Act and other Acts and Rules relating to the workers engaged by the Purchaser/his agents shall be borne by the Purchaser.

(e) Any infringement of contract conditions and provisions of relevant acts (Kerala Forest Act & Other related Acts) and Rules made there under as amended from time to time will entail cancellation of auction, termination of agreement and forfeiture of the amounts already paid and confiscation of produce in the unit.

**20. Breach of conditions of agreement**

(a) If the Purchaser commits a breach of any of the terms and conditions of contract and if the Kerala Forest Department does not propose to terminate the contract on account thereof, the Divisional Forest Officer may impose a penalty of Rs. 1000/- for each such breach. For computation of the breach of the terms and conditions of the contract the auctioned unit will be taken as one unit. An appeal against such orders shall lie with the Chief Conservator of Forests, Southern Circle, Kollam whose decision shall be final and binding. However, such an appeal should be preferred within 15 days from the date of dispatch of the order imposing penalty, by registered post or in person. The Chief Conservator of Forests, Southern Circle, Kollam may condone the delay in preferring the appeals at his discretion for valid reasons.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) Penalties levied shall be paid by the Purchaser within 15 days of dispatch by Registered Post or the notice of demand for payment. In case of failure such amount shall be recovered from the security deposit with 15% interest from the due date.

**21. Force-Majeure**

The Kerala Forest Department may revoke the contract and withdraw from the compliance of the sale in the event of circumstances beyond its control and in such an event it shall not be liable for any damage or loss, if any, caused to the Purchaser.

**22. Jurisdiction of Court**

a) All disputes arising out of or anyway connected with the contract shall be deemed to have arisen in Kulathupuzha Range area and within the jurisdiction of Munsiff Court, Thiruvananthapuram which court shall determine such disputes.

b) Kerala Forest Department shall be the authority to interpret all or any of the conditions laid down within the contract and their decision shall be final and binding on Purchaser.

Further details can be availed from the office of the Divisional Forest Officer, Thiruvananthapuram (0471-2320637) & Range Forest Officer, Kulathupuzha (8547600970) during office hours and from the websites of www.forest.kerala.gov.in. and www.mstcecommerce.com

**Thiruvananthapuram** **Sd/-**

**Divisional Forest Officer**
**Thiruvananthapuram**
**(On behalf of Kerala Governor)**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അച്ചൻകോവിൽ ഡിവിഷൻ

**ഇ-ദർഘാസ് പരസ്യം**

നമ്പർ എ1-4454/2023 16 ഡിസംബർ 2023

അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന അച്ചൻകോവിൽ, കല്ലാർ റെയിഞ്ചുകളിലെ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന ഫോറസ്ട്രി ജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടി **G.O.(MS) No.26/2017/F&WLD dated 20.05.2017, G.O.(Rt) No.141/2021/F&WLD dated 06.05.2021** എന്നീ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും ബഹു.കേരള ഗവർണ്ണർക്കുവേണ്ടി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദർഘാസുകൾ Online - മുഖേന ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര മാനദണ്ഡങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇ-ദർഘാസ് പ്രമാണങ്ങളും, ഇ-ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കേതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ദർഘാസ് ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേതാണ്.

എല്ലാ ഇ-ദർഘാസ് പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതല്ല.

**പട്ടിക**

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (18% ജി.എസ്.ടി ഉൾപ്പെടെ) (രൂപ) | കരാർ കാലാവധിയും, കരാറുകാരുടെ യോഗ്യതയും |
|---|---|---|---|---|---|---|
| 1 | 42/23-24 (എ1-4454/23) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന പള്ളിവാസൽ, പള്ളിമുണ്ടാൻ ഡമ്പിംഗ് സൈറ്റുകളിലെ (2 കി.മീ) അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ 2023-24 കാലയളവിൽ നിർവ്വഹിക്കുന്നത്. | 43,000 | 1,100 | 315/-രൂപ + 18% ജി.എസ്.ടി 57/-രൂപ ആകെ = **372/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>ഡി-ക്ലാസും അതിലുപരിയും |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 2 | 43/23-24 (എ1-4455/23) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധി യിൽ വരുന്ന പട്ടയ ലാന്റിന്റേയും സമീപപ്രദേശങ്ങ ളിലേയും (3.5 കി.മീ) അഗ്നിപ്ര തിരോധ പ്രവർത്തനങ്ങൾ 2023-24 കാലയളവിൽ നിർവ്വ ഹിക്കുന്നത്. | 76,000 | 1,900 | 525/-രൂപ + 18% ജി.എസ്.ടി 95/-രൂപ ആകെ = **620/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>ഡി-ക്ലാസും അതിലുപ രിയും |
| 3 | 44/23-24 (എ1-4457/23) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധി യിൽ വരുന്ന അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ (കോട്ടവാസൽ-ജണ്ടാപ്പാറ 4.00 കി.മീ) അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ 2023-24 കാലയളവിൽ നിർവ്വഹിക്കുന്നത്. | 86,000 | 2,150 | 525/-രൂപ + 18% ജി.എസ്.ടി 95/-രൂപ ആകെ = **620/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>ഡി-ക്ലാസും അതിലുപ രിയും |
| 4 | 45/23-24 (എ1-4542/23) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധി യിൽ വരുന്ന മുതലത്തോട് മുതൽ മെത്ത് വരെയുള്ള (6.00 കി.മീ) കാട്‌വെട്ട് ജോലികൾ 2023-24 കാലയളവിൽ നിർവ്വ ഹിക്കുന്നത്. | 40,000 | 1,000 | 315/-രൂപ + 18% ജി. എസ്.ടി 57/-രൂപ ആകെ = **372/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>ഡി-ക്ലാസും അതിലുപ രിയും |
| 5 | 46/23-24 (എ3-4445/23) | കല്ലാർ റെയിഞ്ചിലെ അറമ്പ സെക്ഷന്റെ അധികാര പരിധി യിൽ വരുന്ന പനംതോപ്പ് മുതൽ മാമരത്തുംപാറ വരെയുള്ള (5.00 കി.മീ) ഫയർ ബ്രേക്ക് ജോലികൾ 2023-24 കാലയള വിൽ നിർവ്വഹിക്കുന്നത്. | 1,07,000 | 2,700 | 525/-രൂപ + 18% ജി.എസ്.ടി 95/-രൂപ ആകെ = **620/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>സി-ക്ലാസും അതിലുപ രിയും |
| 6 | 47/23-24 (എ3-4447/23) | കല്ലാർ റെയിഞ്ചിലെ തുളുമല സെക്ഷന്റെ അധികാര പരിധി യിൽ വരുന്ന പുളിഞ്ചി മുതൽ മ ഞ്ഞപ്പാറ - ശവക്കോട്ട -ഡബിൾ കട്ടിംഗ് വരെയുള്ള (6.00 കി. മീ) ഫയർ ബ്രേക്ക് ജോലികൾ 2023-24 കാലയളവിൽ നിർവ്വ ഹിക്കുന്നത്. | 1,28,400 | 3,300 | 525/-രൂപ + 18% ജി.എസ്.ടി 95/-രൂപ ആകെ = **620/-രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ<br>സി-ക്ലാസും അതിലുപ രിയും |

| | |
|---|---|
| ഇ-ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന | www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ് |
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | 20.12.2023 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 27.12.2023 വൈകുന്നേരം 5.00 മണി വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 29.12.2023 രാവിലെ 11.00 മണിക്ക്. |
| കരാറുകാരുടെ യോഗ്യത | പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം |
| കരാർ കാലാവധി | പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം |

**ഏതെങ്കിലും കാരണവശാൽ 27.12.2023-ലെ ഇ-ദർഘാസ് നടക്കാതെ വന്നാലോ, ദർഘാസിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിലോ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം പുനർ ഇ-ദർഘാസ് നടത്തുന്നതാണ്.**

**പട്ടിക**

| | |
|---|---|
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന പകരം തീയതിയും സമയവും | 29.12.2023 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 06.01.2024 വൈകുന്നേരം 5.00 മണി വരെ |
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 09.01.2024 രാവിലെ 11.00 മണിക്ക്. |

**ദർഘാസിനോടൊപ്പം 200/-രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റിക്വിസിഷൻ ഫോർ ഇ-പേയ്മെന്റ്, ക്ലോസ് റ്റു ബി ഇൻക്ലൂഡഡ് ഇൻ ദി പവർ ഓഫ് അറ്റോർണി, സാക്ഷ്യപത്രം, ദർഘാസ് ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേതാണ്.** ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും ഇ-ദർഘാസിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ കരാർ തുകയുടെ 0.1 ശതമാനം രൂപയുടെ (ഏറ്റവും കുറഞ്ഞത് 200/-രൂപ) മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 3 ശതമാനമോ 5,00,000/-രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, സ്ഥലത്തും വച്ച് ഇ-ദർഘാസ് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ, ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നിബന്ധനകൾ**

1. ജി.ഒ (എം.എസ്സ്)-26/2017/വനം-വന്യജീവി വകുപ്പ് തീയതി 20.05.2017, ജി.ഒ (ആർ.റ്റി)-141/2021/വനം-വന്യജീവി വകുപ്പ് തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസിനെ സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. വനം - വന്യജീവി വകുപ്പിൽ വിവിധ ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും പുറമെ ദർഘാസ് ജോലികളുമായി ബന്ധപ്പെട്ട് വനം - വന്യജീവി വകുപ്പോ സർക്കാരോ ഭാവിയിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.
2. ദർഘാസുകാർ ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേതാണ്. ഓൺലൈൻയായി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം ഈ -പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ-പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. NIC/SBI എന്നിവ വഴി പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.
3. ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200/- രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ-പേയ്മെന്റിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ, സാക്ഷ്യപത്രം എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ്. തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാഥമിക കരാറിന്റെ അസ്സൽ ദർഘാസ് എന്നിവ സീൽ ചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റോ അഥവാ രജിസ്ട്രേഡ് പോസ്റ്റോ വഴി സമർപ്പിക്കേതാണ്. ഇതിന് വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്.
4. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും Scheduled രേഖകൾ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.
5. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ NIC-യിൽ നിന്നോ www.etender.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെന്റിന്റെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുള്ളപ്പോൾ ദർഘാസുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
6. ദർഘാസുകാരന് ദർഘാസ് അപ്‌ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല
7. ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേതാണ്. എഗ്രിമെന്റിന്റെ കരട് ഈ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.
8. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ജോലി നടത്തേണ്ടസ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.
9. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.
10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേതാണ്.
11. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസ് ദിവസം പകൽ 11.00-മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തുറക്കുന്നതാണ്.

12. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരമോ ഇ-മെയിൽ മുഖേനയോ അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 3% രൂപ സെക്യൂരിറ്റിയായി ഒടുക്കേതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

16. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ജോലി ചെയ്യാൻ ബാധ്യസ്ഥനാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് വഴിയായിരിക്കും.

21. താഴെപ്പറയും പ്രകാരമായിരിക്കും ടി ജോലികളുടെ കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

പ്രസ്തുത ജോലികൾ നിർദ്ദിഷ്ഠ ഗുണനിലവാരത്തോടും ബന്ധപ്പെട്ട മാനദണ്ഡങ്ങളോടും കൂടി പൂർത്തിയാക്കുന്ന പക്ഷം 100% തുകയും കറാറുകാരന് അനുവദിച്ച് നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24 ഇ-ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475-2342315), കാനയാർ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 8547600510) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

അച്ചൻകോവിൽ
16.12.2023

**അനീഷ്. എസ്**
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ

ലേല പരസ്യം

**KFDDO/29961/2023-DFOKGLM-L1** **തീയതി: 05.12.2023**

കോതമംഗലം ഡിവിഷനിലുൾപ്പെട്ട ചുവടെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റെയ്ഞ്ചുകളിലെ വിവിധ കേസുകളിലുൾപ്പെട്ട തൊണ്ടി തടികൾ, കഴകൾ, വിറക്, ഉരുപ്പടികൾ കൂടാതെ ഡെയ്ഞ്ചർ പെറ്റീഷനുകളിൽ അനുവാദം വാങ്ങി മുറിച്ച തടികളും (സെയിൽ ഡിപ്പോയിലേയ്ക്ക് പോകാത്തവ), കാറ്റത്ത് വീണതും ഇ-ലേലം പ്രകാരം വിറ്റുപോകാത്തതുമായ കഴകൾ, ബില്ലറ്റ്, വിറക് മുതലായവ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ അതാത് റെയ്ഞ്ച് ഓഫീസുകളിൽ വച്ചോ, സെക്ഷൻ ആസ്ഥാനത്ത് വച്ചോ ബഹു. സംരക്ഷണ വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01/03/2013 ലെ പ്രൊ.(5)26274/12 നമ്പർ പ്രകാരം ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും, അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല നടപടികൾ അതാത് ദിവസം രാവിലെ 11 മണിയ്ക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം ഒരു പൊതു അവധി പ്രഖ്യാപിക്കുന്നതായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടക്കുന്നതായിരിക്കും.

കേസിൽ ഉൾപ്പെട്ട കയറ്റുമതി ഇനം തേക്ക്, ആഞ്ഞിലി തടികളും ലേലത്തിൽ ഉൾപ്പെടുന്നതായിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുമ്പ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരവും അളവുകളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല. ലേലത്തിൽ പങ്കു കൊള്ളുവാൻ ആഗ്രഹിക്കുന്നവർ തേക്ക് തടിയുടെ ലേലത്തിനാണെങ്കിൽ 20,000/- രൂപയും, മറ്റ് തടികളുടെ ലേലത്തിനാണെങ്കിൽ 10,000/- രൂപയും, മറ്റ് വനവിഭവങ്ങളുടെ കാര്യത്തിൽ 2,000/- രൂപയും നിരതദ്രവ്യമായി ലേലത്തിന് മുമ്പ് കെട്ടി വയ്ക്കേണ്ടതാണ്. കോടതി ഉത്തരവ് വാങ്ങി ലേലം ചെയ്യുന്ന തടികളുടേയും മറ്റ് വന വിഭവങ്ങളുടേയും മുഴുവൻ ലേല തുകയും ലേല ദിവസം തന്നെ കെട്ടി വയ്ക്കേണ്ടതാണ്. ലേലവ്യവസ്ഥകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അതാത് റെയ്ഞ്ച് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

## ലേല തീയതി 2024

| ക്രമ നമ്പർ | റെയ്ഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | **കോതമംഗലം** | 3 ബുധൻ | 7 ബുധൻ | 6 ബുധൻ | 3 ബുധൻ | 2 വ്യാഴം | 5 ബുധൻ | 3 ബുധൻ | 1 വ്യാഴം | 4 ബുധൻ | 3 വ്യാഴം | 6 ബുധൻ | 4 ബുധൻ |
| 2 | **മുള്ളരിങ്ങാട്** | 10 ബുധൻ | 14 ബുധൻ | 13 ബുധൻ | 16 ചൊവ്വ | 15 ബുധൻ | 12 ബുധൻ | 10 ബുധൻ | 7 ബുധൻ | 10 ചൊവ്വ | 9 ബുധൻ | 13 ബുധൻ | 11 ബുധൻ |
| 3 | **കാളിയാർ** | 17 ബുധൻ | 21 ബുധൻ | 20 ബുധൻ | 18 വ്യാഴം | 22 ബുധൻ | 19 ബുധൻ | 18 വ്യാഴം | 22 വ്യാഴം | 12 വ്യാഴം | 16 ബുധൻ | 20 ബുധൻ | 18 ബുധൻ |
| 4 | **തൊടുപുഴ** | 24 ബുധൻ | 28 ബുധൻ | 26 ചൊവ്വ | 24 ബുധൻ | 29 ബുധൻ | 26 ബുധൻ | 24 ബുധൻ | 29 വ്യാഴം | 25 ബുധൻ | 23 ബുധൻ | 27 ബുധൻ | 26 വ്യാഴം |

**ഫോൺ നമ്പർ**

കോതമംഗലം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0485-2824995 (8547601323)
മുള്ളരിങ്ങാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0485-2856954 (8547601313)
കാളിയാർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0486-2247591 (8547601302)
തൊടുപുഴ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0486-2256966 (8547601273)

**കോതമംഗലം**

**വരുൺ ഡാലിയ ഐഎഫ്എസ്**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
**(കേരള ഗവർണ്ണർക്ക് വേണ്ടി)**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വാഴച്ചാൽ വനം ഡിവിഷൻ**

KFDDO/35490/2023/C7 **തീയ്യതി: 19.12.2023**

## ഇ-ലേല വിജ്ഞാപനം

വാഴച്ചാൽ വനം ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയ്ഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി വകകളും ഡിവിഷൻ പരിധിയിലുള്ള വനമേഖലയിൽ നിന്നും പ്രകൃതിക്ഷോഭം മൂലം ശേഖരിക്കപ്പെടുന്നതും, അപകട ഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചു നീക്കിയവയും ഉൾപ്പെടെ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിക്ക് അതാത് റെയ്ഞ്ച് ഓഫീസുകളിൽ വച്ച് വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 01.11.2016-ൽ പ്രസിദ്ധീകരിച്ച 43-ാം നമ്പർ കേരള ഗസറ്റിൽ വാല്യം-5-ൽ പ്രസിദ്ധീകരിച്ച ഇതര ലേലവ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്) യുടെ 21.11.2015-ലെ Pro(4)-26243/13 നമ്പരായി 15.12.2015 ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം-4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000/-രൂപയും മറ്റ് തടികൾക്ക് 10,000/-രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചെടുത്തതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ ലേലക്കാർ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

**<u>പട്ടിക</u>**

| റെയ്ഞ്ചിന്റെ പേര് | 01/24 | 02/24 | 03/24 | 04/24 | 05/24 | 06/24 | 07/24 | 08/24 | 09/24 | 10/24 | 11/24 | 12/24 |
|---|---|---|---|---|---|---|---|---|---|---|---|---|
| അതിരപ്പിള്ളി | 4 | 5 | 4 | 5 | 6 | 3 | 5 | 5 | 2 | 3 | 4 | 2 |
| ചാർപ്പ | 6 | 12 | 11 | 15 | 9 | 10 | 8 | 8 | 12 | 9 | 11 | 9 |
| വാഴച്ചാൽ | 12 | 16 | 18 | 22 | 13 | 18 | 17 | 12 | 18 | 14 | 15 | 16 |
| കൊല്ലത്തിരുമേട് | 19 | 22 | 25 | 25 | 20 | 24 | 22 | 21 | 23 | 16 | 25 | 23 |
| ഷോളയാർ | 29 | 26 | 26 | 29 | 27 | 27 | 26 | 29 | 25 | 28 | 29 | 27 |

ഒപ്പ്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

വാഴച്ചാൽ ഡിവിഷൻ, ചാലക്കുടി

(കേരള ഗവർ[illegible]വേണ്ടി)

KFDDO/35490/2023/C7 **Dated: 19.12.2023**

# E-AUCTION SALE NOTIFICATION

It is hereby notified for the general information of the public that the Timber collected from Various Ranges of Vazhachal Forest Division by cut and collected from Natural calamities, and thondy materials acquired from various Offense will be sold in Thondy Auction sale subject to detailed Auction sale conditions published in Kerala Gazette No.49 (Volume - 4) dated 15.12.2015 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram vide notification No. Pro (4) 26243/13 & published in Kerala Gazette No.43 (Volume - 5) dated 01.11.2016 and other rules in force, as per schedule furnished below.

Interested bidders should deposit an amount of Rupees 20,000 /- for Teak & Rosewood (Veetti) and Rupees 10,000/- for all other trees as Earnest Money Deposit

The successful bidders will have to Remit 35% of the bid amount after adjusting the EMD already remitted, shall be paid on the Auction date itself. The successful bidders will also have to Remit the balance same value, GST (As per Rule), Forest Development tax, Income Tax..Etc @ prevailing from time to time within 7 working days through any of the payment mode, should be submitted to this office forthwith. if he fails to remit this amount the EMD will be forfeited to Government and the materials will be re auctioned at his Risk and Loss.

Any further clarification on this auction can be obtained from the Office of the Divisional Forest Officer, Vazhachal during the office Hours. The details regarding Payment should be submitted along with the auction documents. Auction without these documents will not be accepted

Intending persons may ensure the quantity and quality of materials put-up for Auction before the commencement of the same and no complaints will be entertained after auction.

If the date fixed for Auction happens to be a public holiday, harthal or strike, the Auction sale will be held on next working day at the schedule date, Auction sale and no complaints will be entertained later regarding [illegible]. Further

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

details of Auction sale will be available from this office **[Phone No.0480-2701713**, **e-mail: dfo-vzcl.for@kerala.gov.in]**. The Auctioning Officer is empowered to conduct auction completely or partly and postponement of auction without assigning any reason. The remittance of the value and removal of materials should be as per prevailing terms and conditions and also as per rule in time.

**TABLE**

| Name of Range | 01/24 | 02/24 | 03/24 | 04/24 | 05/24 | 06/24 | 07/24 | 08/24 | 09/24 | 10/24 | 11/24 | 12/24 |
|---|---|---|---|---|---|---|---|---|---|---|---|---|
| Athirappilly | 4 | 5 | 4 | 5 | 6 | 3 | 5 | 5 | 2 | 3 | 4 | 2 |
| Charpa | 6 | 12 | 11 | 15 | 9 | 10 | 8 | 8 | 12 | 9 | 11 | 9 |
| Vazhachal | 12 | 16 | 18 | 22 | 13 | 18 | 17 | 12 | 18 | 14 | 15 | 16 |
| Kollathirumedu | 19 | 22 | 25 | 25 | 20 | 24 | 22 | 21 | 23 | 16 | 25 | 23 |
| Sholayar | 29 | 26 | 26 | 29 | 27 | 27 | 26 | 29 | 25 | 28 | 29 | 27 |

R. Lekshmi

sd/-

Divisional Forest Officer
Vazhachal Division, Chalakudy
(For and on behalf of Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വാഴച്ചാൽ വനം ഡിവിഷൻ

ദർഘാസ് പരസ്യം

**നമ്പർ എ- 3666/23** **തീയതി : 19 .12.2023**

വാഴച്ചാൽ ഡിവിഷനിൽ 2023-24 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി മത്സര സ്വഭാവമുളളതും മുദ്ര വച്ചതുമായ ദർഘാസുകൾ വനം വകുപ്പിലെ അംഗീകൃത കരാറുകാർ/ സ്ഥാപനങ്ങളിൽ നിന്നും 28.12.2023 തിയ്യതി ഉച്ചയ്ക്കുശേഷം 3.00 മണിവരെ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം കേരള ഗവർണർക്കുവേണ്ടി വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസുകൾ ക്ഷണിച്ചുകൊളളുന്നു.

**പട്ടിക**

| ക്രമ നം. | ടെണ്ടർ നം. | റെയിഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | ഏകദേശ അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | 22/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ എയർക്കൂൾ മുതൽ കോസ് വേ വരെയുള്ള (3 കി.മീ) കൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 2 Km | 3.78 | 9500 | 840+GST | 45 ദിവസം |
| 2 | 23/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ 1964 തേക്ക് തോട്ടം മുതൽ എയർക്കൂൾ വരെയുള്ള (2 കി.മീ) കൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 1 Km | 3.62 | 9100 | 800+GST | 45 ദിവസം |
| 3 | 24/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ കോസ് വേ മുതൽ ഊര് വരെയുള്ള (3 കി.മീ) കൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 2 Km | 3.78 | 9500 | 840+GST | 45 ദിവസം |
| 4 | 25/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ 15–ആം ബ്ലോക്ക് മുതൽ 1964 തേക്ക് തോട്ടം വരെയുള്ള (2.5 കി.മീ) കൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 2 Km | 3.78 | 9500 | 840+GST | 45 ദിവസം |
| 5 | 26/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ 15–ആം ബ്ലോക്ക് മുതൽ കുമുള്ള് വരെയുള്ള | 1.5 Km | 3.73 | 9400 | 830+GST | 45 ദിവസം |

| ക്രമ നം. | ടെണ്ടർ നം. | റെയിഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | ഏകദേശ അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|---|---|---|---|
| | | | ( 4 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | | | | | |
| 6 | 27/23-24 | അതിരപ്പിള്ളി | 2023–24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ കോസ് വേ മുതൽ കരടിപ്പാറ വരെയുള്ള (3 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 1.5 Km | 3.63 | 9100 | 800+GST | 45 ദിവസം |
| 7 | 28/23-24 | അതിരപ്പിള്ളി | 2023–24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ 3–ആം ബ്ലോക്ക് മുതൽ എയർകുൾ വരെയുള്ള (3 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 2 Km | 3.71 | 9300 | 820+GST | 45 ദിവസം |
| 8 | 29/23-24 | കൊല്ലത്തിരുമേട് | 2023–24 സാമ്പത്തിക വർഷത്തിലെ കൊല്ലത്തിരുമേട് റെയ്ഞ്ചിലെ കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷനിലെ നീളപ്പാറ ബ്ലോക്കിലെ (3 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 3 Km | 1.25 | 3200 | 280+GST | 30 ദിവസം |
| 9 | 30/23-24 | കൊല്ലത്തിരുമേട് | 2023–24 സാമ്പത്തിക വർഷത്തിലെ കൊല്ലത്തിരുമേട് റെയ്ഞ്ചിലെ കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷനിലെ കാളക്കല്ല് ബ്ലോക്കിലെ (4.7 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 4.7 Km | 1.77 | 4500 | 390+GST | 30 ദിവസം |
| 10 | 31/23-24 | കൊല്ലത്തിരുമേട് | 2023–24 സാമ്പത്തിക വർഷത്തിലെ കൊല്ലത്തിരുമേട് റെയ്ഞ്ചിലെ കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷനിലെ പച്ചിലവളം ബ്ലോക്കിലെ (4.4 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 4.4 Km | 1.52 | 3800 | 340+GST | 30 ദിവസം |
| 11 | 32/23-24 | കൊല്ലത്തിരുമേട് | 2023–24 സാമ്പത്തിക വർഷത്തിലെ കൊല്ലത്തിരുമേട് റെയ്ഞ്ചിലെ കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷനിലെ നായാട്ടുപാറ ബ്ലോക്കിലെ (4.4 കി.മീ) ക്ലപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 4.4 Km | 2.49 | 6300 | 550+GST | 30 ദിവസം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നം. | ടെണ്ടർ നം. | റെയിഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | ഏകദേശ അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|---|---|---|---|
| **12** | **33/23-24** | ചാർപ്പ | 2023– 24 സാമ്പത്തിക വർഷത്തിലെ ചാർപ്പ റെയ്ഞ്ചിലെ ബഡാപ്പാറ മുതൽ ഇട്ട്യാനി വരെയുള്ള (4 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 4 Km | 1.02 | 2600 | 230+GST | 30 ദിവസം |
| **13** | **34/23-24** | ചാർപ്പ | 2023 – 24 സാമ്പത്തിക വർഷത്തിലെ ചാർപ്പ റെയ്ഞ്ചിലെ ഡോർമിറ്ററി മുതൽ ഒന്നാംപാലം വരെയുള്ള (8 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 8 Km | 1.84 | 4600 | 410+GST | 30 ദിവസം |
| **14** | **35/23-24** | ചാർപ്പ | 2023–24 സാമ്പത്തിക വർഷത്തിലെ ചാർപ്പ റെയ്ഞ്ചിലെ ഓൾഡ് പറമ്പിക്കുളം റോഡിൽ ആനകുത്തി മുതൽ ഒന്നാംപാലം വരെയുള്ള(7 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 7 Km | 1.85 | 4700 | 410+GST | 30 ദിവസം |
| **15** | **36/23-24** | ചാർപ്പ | 2023– 24 സാമ്പത്തിക വർഷത്തിലെ ചാർപ്പ റെയ്ഞ്ചിലെ നൃട്ടുടുമ്പൻ മുതൽ ഒരുകൊമ്പൻ വരെയുള്ള (14 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 14 Km | 2.96 | 7400 | 660+GST | 30 ദിവസം |
| **16** | **37/23-24** | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മുക്കമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ സ്വാമിപോക്കറ്റ് മുതൽ പെരിചിലമ്പൻ വരെയുള്ള (5 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 5 Km | 1.34 | 3400 | 300+GST | 30 ദിവസം |
| **17** | **38/23-24** | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മുക്കമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാരാന്തോട് മുതൽ ഒരുകൊമ്പൻ വരെയുള്ള (8 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 8 Km | 1.9 | 4800 | 420+GST | 30 ദിവസം |
| **18** | **39/23-24** | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മുക്കമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ അമ്പലപരടി മുതൽ കാരാന്തോട് വരെയുള്ള (7 കി.മീ) ക്ലൂപ്പ് | 7 Km | 2.08 | 5200 | 460+GST | 30 ദിവസം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നം. | ടെണ്ടർ നം. | റെയിഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | ഏകദേശ അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|---|---|---|---|
| | | | റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | | | | | |
| 19 | 40/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മുക്കുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പെരിചിലമ്പൻ മുതൽ അമ്പലപരടി വരെയുള്ള (6 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 6 Km | 1.47 | 3700 | 330+GST | 30 ദിവസം |
| 20 | 41/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മുക്കുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ അമ്പലപരടി മുതൽ കോഴിക്കുത്ത് വരെയുള്ള (7 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 7 Km | 1.84 | 4600 | 410+GST | 30 ദിവസം |
| 21 | 42/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പച്ചക്കാട് ബ്ലോക്കിൽ (3 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 3 Km | 0.81 | 2100 | 180+GST | 30 ദിവസം |
| 22 | 43/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാരാന്തോട് ബ്ലോക്കിൽ (7 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 7 Km | 1.64 | 4100 | 370+GST | 30 ദിവസം |
| 23 | 44/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പൊകലപ്പാറ ബ്ലോക്കിൽ (9 കി.മീ) ക്ലൂപ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 9 Km | 2.02 | 5100 | 450+GST | 30 ദിവസം |
| 24 | 45/23-24 | അതിരപ്പിള്ളി | 2023–24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കുളങ്ങളുടെ (9 എണ്ണം) പുനരുദ്ധാരണ പ്രവൃത്തി | 9 | 2.6 | 6500 | 580+GST | 30 ദിവസം |
| 25 | 46/23-24 | അതിരപ്പിള്ളി | 2023– 24 സാമ്പത്തിക വർഷത്തിലെ അതിരപ്പിള്ളി റെയ്ഞ്ചിലെ അതിരപ്പിള്ളി | 4 | 4.7 | 11800 | 1040+GST | 30 ദിവസം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നം. | ടെണ്ടർ നം. | റെയിഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | ഏകദേശ അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|---|---|---|---|
| | | | ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കുളങ്ങളുടെ (4 എണ്ണം) നിർമ്മാണം | | | | | |
| 26 | 47/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ 1962 തേക്ക് തോട്ടത്തിലെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.30 | 800 | 70+GST | 30 ദിവസം |
| 27 | 48/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ തൊമ്മൻപ്പാറ ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.30 | 800 | 70+GST | 30 ദിവസം |
| 28 | 49/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ ഇരുമ്പുപാലം ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.27 | 700 | 60+GST | 30 ദിവസം |
| 29 | 50/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ ഇക്കാഷെഡ് ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.59 | 1500 | 130+GST | 30 ദിവസം |
| 30 | 51/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ മെഡിസിനൽ പോക്കറ്റ് ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.52 | 1300 | 120+GST | 30 ദിവസം |
| 31 | 52/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ കരടിപ്പാറ ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 0.64 | 1600 | 150+GST | 30 ദിവസം |
| 32 | 53/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ ലക്ഷ്മികുളം ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 1.01 | 2600 | 230+GST | 30 ദിവസം |
| 33 | 54/23-24 | വാഴച്ചാൽ | 2023– 24 സാമ്പത്തിക വർഷത്തിലെ വാഴച്ചാൽ റെയ്ഞ്ചിലെ കടുവാകുളം ഭാഗത്തെ കുളത്തിന്റെ നവീകരണ പ്രവൃത്തി | 1 | 1.50 | 3800 | 330+GST | 30 ദിവസം |

ദർഘാസ് ഫോറം ലഭ്യമാകുന്ന തീയ്യതി : 28.12.2023 ഉച്ചയ്ക്ക് 1.00 മണി വരെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| ദര്‍ഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയ്യതിയും, സമയവും | : | 28.12.2023 ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ |
| ദര്‍ഘാസ് തുറക്കുന്ന സമയവും, തീയ്യതിയും | : | 28.12.2023 ഉച്ചയ്ക്ക് ശേഷം 4.00 മണി |

മേല്‍ തീയ്യതിയില്‍ ടി ദര്‍ഘാസ് നടക്കാതെ വരികയോ ആരും പങ്കെടുക്കാതെ വരികയും ആണെങ്കില്‍ മേല്‍ വിവരിച്ച നിബന്ധനകള്‍ക്ക് വിധേയമായി തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദര്‍ഘാസ് നടത്തുന്നതായിരിക്കും.

ദര്‍ഘാസ് ഫോറങ്ങളും, ജോലിയെ സംബന്ധിച്ചുള്ള വിവരങ്ങളും ദര്‍ഘാസ് ഫോറത്തിന്റെ വിലയും, ജി.എസ്.ടി തുകയും കൂടി പണമായി അടയ്ക്കുന്നവര്‍ക്ക് ദര്‍ഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി ഉച്ചയ്ക്ക് 1 മണി വരെ ഈ ഓഫീസില്‍ നിന്നും ലഭിക്കുന്നതാണ്. ദര്‍ഘാസ് ഫോറത്തിന്റെ വിലയായി ചെക്കുകളോ മറ്റേതെങ്കിലും തരത്തിലുള്ള ഒടുക്കലുകളോ സ്വീകരിക്കുന്നതല്ല.

പൂരിപ്പിച്ച ദര്‍ഘാസുകള്‍ ആവശ്യമായ മറ്റ് രേഖകള്‍ സഹിതം വാഴച്ചാല്‍ ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തില്‍ നേരിട്ടോ തപാല്‍ മുഖാന്തിരമോ ദര്‍ഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി 3 PM ന് മുമ്പായി ലഭിക്കത്തക്കവിധം സമര്‍പ്പിക്കാവുന്നതുമണ്. ടെണ്ടര്‍ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാല്‍ പൊതു അവധിയായി വന്നാല്‍ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ടെണ്ടര്‍ തുറക്കുന്നതുമായിരിക്കും.

ദര്‍ഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി വൈകീട്ട് 4.00 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തില്‍ താഴെ ഒപ്പിട്ടിരിക്കുന്നയാളോ, ടിയാന്‍ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ടെണ്ടറുകള്‍ തുറക്കുന്നതായിരിക്കും. ടെണ്ടര്‍ ഫോറത്തിനോടൊപ്പം നിരതദ്രവ്യത്തിനുള്ള ഡി.ഡി (ചെക്കുകളോ, ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളോ സ്വീകരിക്കുന്നതല്ല.) ചാലക്കുടിയിലുള്ള ഏതെങ്കിലും ദേശസാല്‍കൃത ബാങ്കില്‍ മാറ്റാവുന്ന വിധത്തിലുള്ള താഴെ ഒപ്പിട്ടിരിക്കുന്ന ആളുടെ പേരിലുള്ളത് ഉണ്ടായിരിക്കേണ്ടതാണ്. ദര്‍ഘാസിനോടൊപ്പം 200/- രൂപ മുദ്രപത്രത്തിലുള്ള പ്രിലിമിനറി എഗ്രിമെന്റ് നല്‍കേണ്ടതാണ്. അപൂര്‍ണ്ണമായ ടെണ്ടറുകള്‍ നിരസിക്കുന്നതായിരിക്കും. ഏതെങ്കിലും ദര്‍ഘാസ്, കരാറുകാരനെ ബോദ്ധ്യപ്പെടുത്താതെ നിരസിക്കുന്നതിനുള അധികാരം താഴെ ഒപ്പിട്ടിരിക്കുന്നയാളില്‍ നിക്ഷിപ്തമായിരിക്കും. ഏതെങ്കിലും കാരണവശാല്‍ 28.12.2023 -ന് ദര്‍ഘാസ് നടത്താന്‍ കഴിയാതെ വന്നാല്‍ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിതസമയത്തു തന്നെ ദര്‍ഘാസ് നടത്തുന്നതായിരിക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഒപ്പ്)

വാഴച്ചാൽ ഡിവിഷൻ,
ചാലക്കുടി

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

H:\V4\A\Tender Notification 2023-24\Tender E- Notification\Notification Coupe road and Pond- All Range.doc

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നെന്മാറ ഫോറസ്റ്റ് ഡിവിഷൻ

## ദർഘാസ്/ലേല പരസ്യം

No.C3-8496/2023 തീയതി : 16.12.2023

നെന്മാറ വനം ഡിവിഷനിലെ നെല്ലിയാമ്പതി റെയ്ഞ്ചിലെ തൂത്തംപാറ എസ്റ്റേറ്റിലെ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന കാപ്പി തോട്ടത്തിൽ നിന്നും ഉടമ്പടി വെച്ച തിയ്യതി മുതൽ 31.03.2024 വരെയുള്ള കാലാവധിയിൽ റോബസ്റ്റാ കാപ്പി ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം **22.12.2023** തീയതി **3.30 p.m.** ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ദർഘാസ് / ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല ദിവസം പൊതു അവധിയോ, ഹർത്താലോ പ്രഖ്യാപിക്കുന്ന പക്ഷം പ്രസ്തുത ദർഘാസ് / ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതാണ്.

**പട്ടിക**

| **ക്രമ നമ്പർ** | **റെയിഞ്ചിന്റെ പേര്** | **കാപ്പിത്തോട്ടത്തിന്റെ പേര്** | **തോട്ടത്തിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ലഭിച്ച കാപ്പിയുടെ ശരാശരി അളവ്** | **തോട്ടത്തിന്റെ വിസ്തൃതി** |
|---|---|---|---|---|
| 1 | നെല്ലിയാമ്പതി | തൂത്തംപാറ എസ്റ്റേറ്റ് | 4454 Kg. | 136 ഹെക്ടർ |

ദർഘാസ് ഫോറത്തിന്റെ വില : 1000 രൂപ + GST + CST

നിരതദ്രവ്യം : 20000/– രൂപ

ദർഘാസ് ലഭിക്കുന്ന അവസാന തീയതി : **22.12.2023, 1 p.m.**

ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : **22.12.2023, 3 p.m.**

കരാർ കാലാവധി : ഉടമ്പടി തീയതി മുതൽ **31.03.2024** വരെ

ലേലത്തിയതിയും സ്ഥലവും : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ, തീയതി **22.12.2023, 3.30 p.m.** ന്

## ലേല നിബന്ധനകൾ

1. ദർഘാസ് / ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് / ഡ്രൈവിങ്ങ് ലൈസൻസ് / പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇൻകം ടാക്സ് പാൻ കാർഡും നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനു മുൻപായി ഹാജരാക്കേതാണ്. കൂടാതെ ദർഘാസ് / ലേല നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ തൻമൂലം സർക്കാരിന് ഉണ്ട ാകുന്ന കഷ്ടനഷ്ടങ്ങൾ ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ട് ഒരു സമ്മതപത്രം ഒപ്പ് വയ്ക്കേതാണ്. മേൽ വിവരിച്ച സർട്ടിഫിക്കറ്റോ, ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ദർഘാസ് / ലേലത്തിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതല്ല.

2. ദർഘാസ് / ലേലത്തിൽ പങ്കെടുക്കുന്നവർ ദർഘാസ് / ലേലത്തിന് മുൻപ് കാപ്പിത്തോട്ടം നേരിൽ കണ്ട് ബോദ്ധ്യപ്പെടേതാണ്. ഇക്കാര്യത്തിൽ പിന്നീട് യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല. വിൽപ്പനയ്ക്ക് വെച്ചിരിക്കുന്ന വിഭവങ്ങളുടെ ഗുണനിലവാരവും മറ്റും നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യത്തെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

3. ലേലം കഴിഞ്ഞയുടൻ ഹാജരായവരുടെ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും, വിജയിയെ നിശ്ചയിക്കുന്നതുമാണ്.

4. വിൽപ്പന സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയ്യതി മുതൽ 15 ദിവസത്തിനകം ലേലക്കാരൻ ലേലവിലയുടെ 10% സെക്യൂരിറ്റി തുകയും പെർഫോമൻസ് ഗ്യാരിയും അടച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃതമുള്ള ഉടമ്പടി വെക്കേണ്ടതാണ്. സെക്യൂരിറ്റി അടക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ടി ലേലം റദ്ദുചെയ്യുന്നതും അടവാക്കിയിട്ടുള്ള EMD യും മറ്റു തുകകളും ഗവൺമെന്റിലേക്ക് മുതൽക്കൂട്ടി ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതും ആയതിലുാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതും പ്രസ്തുത നഷ്ടം വരുന്ന തുക നിയമാനുസൃത രീതിയിൽ ടിയാനിൽ നിന്നും ഈടാക്കുന്നതും, ലാഭം കിട്ടിയാൽ അതിൽ ടിയാന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. തുക മുഴുവൻ അടക്കുകയും എന്നാൽ ഉടമ്പടി വെക്കാൻ തക്കസമയം സാധിക്കാതെ വരികയും ചെയ്താൽ അത്തരം കാലതാമസത്തിന് ദിനംപ്രതി പത്ത് രൂപ വീതം പിഴയീടാക്കി ഉടമ്പടി വെക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്.

5. ദർഘാസ്/ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന അധികാരങ്ങൾ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

A. ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

B. ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏർപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ലേലക്കാരനെ ലേലത്തിൽ നിന്നോ ലേല സ്ഥലത്തു നിന്നോ പുറത്താക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

C. ലേലം വിളിക്കുന്നവർ പരോക്ഷമായി യോജിച്ച് സർക്കാരിനെ പ്രതികൂലമായി ബാധിക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം നിർത്തി വയ്ക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

6. പോസ്റ്റ് ഓഫർ ദർഘാസ്/ലേലം നടത്തി 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ആയത് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രം പരിഗണിക്കുന്നതാണ്. ദർഘാസ് / ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ, നെല്ലിയാമ്പതി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

7. 24.06.2008 ലെ ഗസറ്റ് നമ്പർ 26 ൽ പ്രസിദ്ധപ്പെടുത്തിയ Prot (5) 2613/2008 തീയതി 12.06.2008 നമ്പർ ആയി പരസ്യപ്പെടുത്തിയ പുതുക്കിയ ദർഘാസ്/ലേലപരസ്യത്തിലെ പൊതുവായ നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

8. തോട്ടം ലേലം ചെയ്തെടുക്കുന്ന പാട്ടക്കാരൻ അതാത് തോട്ടങ്ങളിലെ ഈ വർഷത്തെ അഗ്നിപ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഫയർലൈൻ തോട്ടത്തിന് ചുറ്റും സ്വന്തം ചെലവിൽ എടുക്കേണ്ടതും, ആവശ്യമായ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേ ണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പാട്ടക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തികൾ ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതായിരിക്കും.

9. ലേലം സംബന്ധിച്ചുള്ള കൂടുതൽ വ്യവസ്ഥകൾ എന്തെങ്കിലും ചേർക്കണമെങ്കിൽ ആയത് ലേലസമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**22.12.2023** ന് ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളുവാൻ ആരും തന്നെ മുന്നോട്ട് വരാതിരിക്കുകയോ, ടെർ/ലേലം റദ്ദ് ചെയ്യുകയോ ചെയ്യുന്ന പക്ഷം പട്ടികയിൽ കാണിച്ച വിളകൾ **04.01.2024, 10.01.2024, 17.01.2024** തീയതികളിൽ നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസുകൾ സ്വീകരിച്ചതിനു ശേഷം വിളകളുടെ വിൽപ്പന നടത്തുന്നതായിരിക്കും.

ഈ ദർഘാസ്/ലേല പരസ്യം കേരള വനംവകുപ്പിന്റെ വെബ് സൈറ്റുകളായ www.forest.kerala.gov.in. & www.fmiskerala.org എന്നിവയിലും ലഭ്യമാണ്.

(ഒപ്പ്)
**കെ. മനോജ്.**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ
(ബഹു. കേരള ഗവർണ്ണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# NEMMARAFOREST DIVISION

## E-TENDERNOTICE

**D-8531/2023** **Date: 13.12.2023**

Online tenders in Two Bid system (Technical and Financial bids) are invited from reputed firms for the "**Supply,Installation,TestingandCommissioningofHanging Solar Power Fencing**"foruseinKeralaForestDepartmentby Divisional Forest officer Nemmara. The Hanging Solar Power Fencing should conform to the technical standards and specifications detailed in **Annexure A** attached to this notice. Tender documents and schedules are available in the website: www.etenders.kerala.gov.in. The Earnest Money Deposit and tender fee should be submitted through the Internet online banking of SBI or through NEFT for otherbanks.

All bid/tender documents are to be submitted online only and in the designated Online cover(s)/envelope(s) on the www.etenders.kerala.gov.inwebsite and tenders submitted manually /through post will not be entertained. Late tenders will not beaccepted.

Details of Tender fee and PAC amount is as follows:

| Sl. No | Item | Length in KM (Aprx.) | Estimate Amount (Rs. in lakhs) | EMD (2.5%) | Tender Fee (Rs) |
|---|---|---|---|---|---|
| 1 | Installation of Hanging Solar Power Fencing in 7 Km from Chemmnamapthy to Kilimala (Phase-I from Kunjuvelankadu to Sukriyal) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 (D-8531/2023) | 7 Km | 51.74 | 50,000/- | 5000/- + GST@ 18% |

| | | | | | |
|---|---|---|---|---|---|
| 2 | Installation of Hanging Solar Power Fencing in 7 Km from Chemmnamapthy to Kilimala (Phase-II from Kavalachira to Illampilavu) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 (D-8532/2023) | 7 Km | 51.74 | 50,000/- | 5000/- + GST@ 18% |
| 3 | Installation of Hanging Solar Power Fencing in 6 Km from Chemmnamapthy to Kilimala (Phase-III from Illampilavu to Elanthikulambu) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 (D-8528/2023) | 6 Km | 44.44 | 50,000/- | 5000/- + GST@ 18% |
| 4 | Installation of Hanging Solar Power Fencing in 7 Km from Seetharkundu to Chathamppara under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 (D-8530/2023 | 7 Km | 52.30 | 50,000/- | 5000/- + GST@ 18% |
| 5 | Installation of Hanging Solar Power Fencing in 2 Km from Memala to Pothenthode under Mangalamdam Forest Station of Alathur Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 (D-8498/2023) | 2 Km | 14.91 | 37,300/- | 5000/- + GST@ 18% |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| 6 | Installation of Hanging Solar Power Fencing in 2 Km from Nerchappara to Ovuppara under Thiruvazhiyad Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 (D-8546/2023) | 2 Km | 14.91 | 37,300/- | 5000/- + GST@ 18% |
| 7 | Installation of Hanging Solar Power Fencing in 1 Km around Cherunelly ST Colony under Pothundy Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 (D-8547/2023) | 1 Km | 7.62 | 19,100/- | 1600/- + GST@ 18% |
| 8 | Installation of Hanging Solar Power Fencing in 1 Km from Kalchady to Koppenkulambu under Thiruvazhiyad Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 (D-8545/2023) | 1 Km | 7.62 | 19,100/- | 1600/- + GST@ 18% |

The other details regarding this tender are as follows:

| | | |
|---|---|---|
| (i) | Period for completion | Within **90 days** (Sl.No.01 to 06) and **60 Days** (Sl.No.07 & 08) from the date of agreement |
| (ii) | Mode of Payment | Online payment after the successful completion of the works |
| (iii) | Place to be delivered | As per Annexure A |
| (iv) | Date from which the tender will be available in the website | **14.12.2023, 4 PM** |
| (v) | Last date for receipt of tender (Closing of tender) | **21.12.2023, 5 PM** |
| (vi) | Tender Opening Date | **23.12.2023, 11 AM** |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

The Length in Kilometers mentioned above is approximate. The KFD will be at liberty to increase or decrease the length/work to be done or may decide not to execute the work at all.

**Tenderers are requested to go through the tender conditions before quoting the tender. Online tenders/bids are to be accompanied with a preliminary agreement executed. Tenders/bids received online without the scanned copies of relevant documents, preliminary agreement, will not be considered and shall be summarily rejected**. Any further clarifications regarding quoting on this tender/uploading of tender documents can be obtained from NIC/ the e-tender Helpdesk number available in the www.etenders.kerala.gov.inwebsite. With respect to the clarifications regarding the tender conditions and execution of works the tenderer can contact the office of the Divisional Forest Officer, Nemmara during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email id) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated onlinecovers.

First the technical bids will be evaluated. After evaluation of the technical bids, the financial bids of those tenderers who are qualified in the technical evaluation will be opened.

The Forest Department will not be responsible for any inconveniences or loss to the Bidder while uploading/ downloading the bid.

**Sd/-**

**Divisional Forest Officer, Nemmara**

(For and on behalf of the Governor of Kerala)

Place :Nemmara

Date: 13.12.2023

Annexure A

## Part I Specification of Hanging Solar Power Fencing

The scope of work includes Supply, installation, testing, commissioning of Hanging Solar Power Fencing systems.

The basic parameters for fencing will be as following:

1. Maximum distance between two T-shaped square posts 20Mtr.
2. Height of the T-shaped square posts 14 feet above ground level
3. Nos. of lines of steel wire (Horizontal- 4 Lines)
4. Nos. of lines of GI rope wire (Vertical-2 Lines between 1 mtr distance)
5. Height of the fence 4.6 Mtr above ground level

**Table No 1**

| Sl. No. | Name of location | Range | Tentative length (Approx.) |
|---|---|---|---|
| 1 | Installation of Hanging Solar Power Fencing in 7 Km from Chemmnamapthy to Kilimala (Phase-I from Kunjuvelankadu to Sukriyal) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 | Kollengode Range | 7 Km |
| 2 | Installation of Hanging Solar Power Fencing in 7 Km from Chemmnamapthy to Kilimala (Phase-II from Kavalachira to Illampilavu) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 | Kollengode Range | 7 Km |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 3 | Installation of Hanging Solar Power Fencing in 6 Km from Chemmnamapthy to Kilimala (Phase-III from Illampilavu to Elanthikulambu) under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 | Kollengode Range | 6 Km |
| 4 | Installation of Hanging Solar Power Fencing in 7 Km from Seetharkundu to Chathamppara under Kollengode Section of Kollengode Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 | Kollengode Range | 7 Km |
| 5 | Installation of Hanging Solar Power Fencing in 2 Km from Memala to Pothenthode under Mangalamdam Forest Station of Alathur Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 &2024-25 | Alathur Range | 2 km |
| 6 | Installation of Hanging Solar Power Fencing in 2 Km from Nerchappara to Ovuppara under Thiruvazhiyad Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 | Nelliyampathy Range | 2 Km |
| 7 | Installation of Hanging Solar Power Fencing in 1 Km around Cherunelly ST Colony under Pothundy Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 | Nelliyampathy Range | 1 Km |
| 8 | Installation of Hanging Solar Power Fencing in 1 Km from Kalchady to Koppenkulambu under Thiruvazhiyad Section of Nelliyampathy Range in Nemmara Division under NABARD-RIDF (Tranche-XIX) during 2023-24 & 2024-25 | Nelliyampathy Range | 1 Km |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

The scope of work shall also include the following:

**A. Supply, installation, testing andcommissioning**

1. Collection of all relevant data at the proposed site which is necessary for proper designing, layout, installation and successful commissioning of the system.

2. Preparation & submission of realistic and pragmatic engineering designing of all the necessary device/components and sub-systems that is required for systems. This shall have to be carried out in accordance with the collected field data and general technicalrequirements/specifications.

3. The design details should clearly indicate the number of wire/lines, distance between wires/lines, number of sections, number of posts, number of corners, number pull through posts, and other accessories and justification of the effectiveness of the fencing against each animal to be controlled.

4. Supply and transportation of all required materials, components, devices, sub- systems and components of Hanging Solar fences to the site and arrangements of safe-keeping and storing them atsite.

5. All the civil works related with installation, commissioning ofsystems.

6. Arrangement of all the material, labour, tools and plants etc. required for proper completion and successful implementation ofprojects

7. To provide all essential documents and manuals, clearly explaining the operation and maintenance and trouble shooting of various portions of the systems.

8. To impart necessary training to the technicians/users in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

each village during installation and commissioning of the systems as well as classroom training after completion of the projects in fault diagnosis andrepair.

**B. <u>Part II Guaranteed technical specifications of the components to be used for</u>**

**<u>thework.</u>**

**Table No 2**

| Description | Specification | Remarks |
|---|---|---|
| | **Base Units** | |
| **Energizer** | ENERGIZER FOR HANGING FENCE With the followingspecifications 12V ENERGIZER,<br>9.9 KV output AC, input 12 V DC, minimum 4 Jule must be from a reputedcompany, must confirm to CPRI<br>certificate and allNational and International standards of safety.Switch to high, medium and low power<br>settings. Shouldpossess the following output characters - Peak o/pvoltage not more than 9.90 KV O/p<br>energy 4 to 4.5 J minimum - Pulse duration 1.01-3.0 m. sec - Pulse interval 1.1-1.4 sec - | 1. Must confirm to all National and International Standards of safety and should notbe fetal to human and animal life. 2. Registration of the firm in any Govt. Depts. (Like Directorate General of Supplies and Disposals etc.) will be preferred |
| **Solar PV Modules** | SOLAR MODULE FOR HANGING FENCE<br>Monocrystalline or polycrystalline with<br>silicon cellswith the following Specification 200 watts,12 volts ratingwith minimum 10 to 25 years warranty<br>againstmanufacturing defects. <br>Solar charge controller to regulate the charging of the battery maximum<br>charging cut off 14.2 volts and minimum 10A | Must be of CEL /BHEL / REIL / TATA BP Make |
| **Module stand with Box** | Module Stand with Water Proof Box With MS thicknesstilted to 13-15 degrees | To suit PV module |
| **Battery** | BATTERY Must have 12 Volts, 100 AH, Maintenancefree (Exide or Amaron or<br>Equivalent Make) batterywith at least 3 years replacement warranty | Must be of Exide/ Amaron/Union make |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| **AC Charger** | A C CHARGER<br>Charging current minimum 8A, Highcharging volt cut off 14.20 V<br>from reputed companieswith minimum 1 year warranty | With proper specification |
| **Lightening diverter kit** | Must be capable of diverting stray lightening. The diverter assembly must be adjustable for spark gaps. Adequate earthling to be provided. | With proper earthling system |

## C. Accessories

| | | |
|---|---|---|
| **Earthing system** | Must contain earth mixture capable of retaining moisture and 8 mm dia stainless steel rod non rusting quality of 4 feet long | Should be capable of providing proper earthling to the system. |
| **Super Strain Insulator** | Super Strain insulator must be of polypropylene material and should withstand of 16 KV | UV stabilized & Rainwater run-off should be providedon the insulator |
| **Warning sign boards** | Polyethylene plastic with statutory colour and signs | Yellow with black letter in local language |
| **Lead out cable** | Must be double insulated withstanding 15 KVvoltages. Inner core wire must be hot dip galvanized | For under gate and base unit connection |
| **Stainless Steel Soft Wire** | STAINLESS STEEL SOFT WIRE must be 1.5 mm 304 grade, nonrusting quality for main line | With proper specification |
| **Stainless Steel Wire** | STAINLESS STEEL SOFT WIRE must be 1.2 mm 304 grade, nonrusting quality for main line | With proper specification |
| **SS Wire Rope** | SS WIRE ROPE<br>1.5mm and non rusting quality forhanging line | With proper specification |
| **Bullets (Connectors)** | BULLETS (Connectors)<br>of copper material coatedwith stainless steel having an inner core hole size of 2.5mm diameter, 2 cm length. | With proper specification |
| **Tool kit** | Should contain: Wire tightener handle, Twisting tool, Pliers, Double ended spanner for clamp tightening | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| **GSM Alert System** | PROVIDING G.S.M ALERT SYSTEM - With FenceVoltage Alarm And SMS Alert To Minimum 3 MobileNumbers. Two Additional Relay Contacts To Turn On aFlood Light/ CCTV/ Walkie Talkie. Alarm Can BeSwitched On Or Off By A Missed Call | With proper specification |

## Posts:

| | | |
|---|---|---|
| **T Shaped Square Tube** | 7 Feet length,14gauge, class B pipe of 2 inches inner diameter, nonrusting quality with ISI standards. (above the ground 14feet and top pipe 3 feet) | With proper specification |

.

## .Testers

| | | |
|---|---|---|
| **Digital Volt Meter** | Must display fence voltage digitally up to 12 kv only. Made of non-shocking plastic | With proper specification |

**Sd/-**

Place :Nemmara
Date: 13.12.2023

**Divisional Forest Officer, Nemmara**
(For and on behalf of the Governor of Kerala)

**മണ്ണാർക്കാട് ഡിവിഷൻ**

ദർഘാസ്/ ലേല പരസ്യം

നമ്പർ A4-8147/2023. 2023 ഒക്ടോബർ 31.

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ മണ്ണാർക്കാട് റെയ്ഞ്ചിന്റെ പരിധിയിൽ വരുന്നതും താഴെ പട്ടിക എ-യിൽ പറയുന്നതുമായ കശുമാവിൻ തോട്ടത്തിൽ നിൽപ്പുള്ള കശുമാവുകളിൽ നിന്നും 30-6-2024 വരെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടിക ബി-ൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും പരസ്യമായി ദർഘാസ്/ലേല വ്യവസ്ഥ പ്രകാരം വിൽക്കുന്നതാണ്. ലേല ദിവസം പൊതു ഒഴിവ് ദിവസമായി വരികയോ, മറ്റേതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ലേലം നടക്കാതെ വരികയോ ചെയ്താൽ പട്ടിക ബി-ൽ കൊടുത്തിട്ടുള്ള രണ്ടാമത്തെ ദിവസമോ, അന്നും നടക്കാതെ വന്നാൽ മൂന്നാമത്തെ ദിവസമോ, നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ദർഘാസ്/ലേലം നടത്തുന്നതായിരിക്കും.

1. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓരോ തോട്ടത്തിനും പട്ടിക എ-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വില നൽകി പ്രത്യേകം ടെണ്ടർ ഫോറം വാങ്ങേണ്ടതും പട്ടിക ബി-ൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിലും നിശ്ചിത സമയത്തിനും മുമ്പ് ടെണ്ടർ ഫോറം തിരികെ സമർപ്പിക്കേണ്ടതുമാണ്. ദർഘാസിനോടൊപ്പം തന്നെ നിശ്ചിത നിരതദ്രവ്യം ഒടുക്കേണ്ടതാണ്. അപ്രകാരം നിരതദ്രവ്യം ഒടുക്കാത്തവരുടെ ദർഘാസുകൾ പരിഗണിക്കുന്നതല്ല. ₹ 20,000 നിരതദ്രവ്യം അടയ്ക്കുന്നയാൾക്ക് പട്ടികയിൽ പറയുന്ന ഏതു തോട്ടത്തിലെയും ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

2. ലേല/ദർഘാസിൽ ഏറ്റവും വലിയ വില വാഗ്ദാനം ചെയ്തയാൾ തുകയുടെ 35% (കുറഞ്ഞത് ₹ 20,000) നിരതദ്രവ്യം ഉൾപ്പെടെ ഓരോ തോട്ടത്തിനും അപ്പോൾ തന്നെ കെട്ടിവെയ്ക്കേണ്ടതാണ്. ലേലസംഖ്യ ₹ 20,000-ത്തിൽ കുറവാണ് എങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അയാൾ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും, പാട്ടവകാശം അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതുമാണ്. ഇപ്രകാരം നടത്തുന്ന പുനർലേലത്തിൽ വല്ല ലാഭവും സർക്കാരിലേക്ക് ഉണ്ടായാൽ അയാൾക്ക് അതിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അപ്രകാരം പുനർ ലേലം ചെയ്യുന്നത് മൂലം സർക്കാരിലേക്ക് വല്ല നഷ്ടവുമുണ്ടായാൽ ആയത് നിയമാനുസൃതം ആദ്യ ലേലക്കാരനിൽ നിന്നും നിയമാനുസൃത നടപടികളിലൂടെ ഈടാക്കുന്നതാണ്. ദർഘാസ്/ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത ആളിന്റെ പേരിൽ വിൽപ്പന ഉറപ്പിക്കുന്നതാണ്. ഓരോ തോട്ടത്തിനുമുള്ള ദർഘാസുകൾ സീൽചെയ്ത കവറുകളിൽ പ്രത്യേകം പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

3. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത് വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾക്ക് ഒടുക്കേണ്ടതായ ലേലതുകയിൽ നിന്നും തട്ടിക്കിഴിക്കുന്നതും വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻ തന്നെ തിരിച്ച് നൽകുന്നതുമാണ്.

4. വിൽപ്പന സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും മൊത്തം ലേലത്തുകയുടെ നിയമാനുസൃതമുള്ള ആദായ നികുതി, സർ ചാർജ്, വനവികസന നികുതി എന്നിവയും ലേലത്തുകയുടെ 10% സെക്യൂരിറ്റി ആയും അടച്ച ₹ 200-ന്റെ മുദ്രപത്രത്തിൽ നിലവിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃതമുള്ള ഉടമ്പടി വെയ്ക്കേണ്ടതാണ്. ബാക്കി സംഖ്യ അടയ്ക്കുന്നതിനുള്ള സമയപരിധി യാതൊരു കാരണവശാലും നീട്ടികൊടുക്കുന്നതല്ല. മേൽപ്പറഞ്ഞ കാലാവധിക്കകം ബാക്കിത്തുകയും സെക്യൂരിറ്റിയും അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം നടത്തുന്നതും അതിലുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതുമായിരിക്കും. പ്രസ്തുത നഷ്ടം വരുന്ന തുക നിയമാനുസൃത രീതിയിൽ ടിയാനിൽ നിന്നും ഈടാക്കുന്നതും, ലാഭം കിട്ടിയാൽ അതിൽ ടിയാന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. തുക മുഴുവൻ അടയ്ക്കുകയും എന്നാൽ ഉടമ്പടി വെയ്ക്കാൻ തക്കസമയം സാധിക്കാതെ വരികയും ചെയ്താൽ അത്തരം കാലതാമസത്തിന് ദിനംപ്രതി പത്ത് രൂപ വീതം പിഴ ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്.

5. ലേലത്തിൽ പങ്കെടുക്കുന്നയാൾ ലേലത്തിന് മുൻപ് കശുമാവിൻ തോട്ടങ്ങൾ നേരിൽക്കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ പിന്നീടുള്ള യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല.

6. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വില്ലേജാഫീസറുടെ പക്കൽ നിന്നും 6 മാസത്തിനകം ലഭിച്ച തന്റെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഏതെങ്കിലും സാക്ഷ്യപത്രവും PAN കാർഡിന്റെ കോപ്പിയും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. (വോട്ടർ ഐഡന്റിറ്റി കാർഡ്, മറ്റ് ഗവൺമെന്റ് തിരിച്ചറിയൽ രേഖകൾ എന്നിവ തെളിവിനായി ഹാജരാക്കാവുന്നതാണ്). മേൽ തിരിച്ചറിയൽ രേഖ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

7. ലേലം വിളിക്കുന്നയാൾ ലേലത്തിൽ ഒരു പൂർണ്ണ തീരുമാനം ആകാതെ പിൻമാറാൻ പാടില്ലാത്തതും അപ്രകാരം പിൻമാറിയാൽ ഡിപ്പാർട്ട്മെന്റിന് വരുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. ലേല നോട്ടീസ്, വ്യവസ്ഥകൾ എന്നിവ കണ്ട് ബോധ്യപ്പെട്ട് ഒപ്പിട്ട് തരുന്നവർക്ക് 24-7-2008-ലെ ഗവൺമെന്റ് ഗസറ്റ് നമ്പർ 26-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Pro(5)-2613/2008 തീയതി 12-6-2008 നമ്പരായി പരസ്യപ്പെടുത്തിയ പുതുക്കിയ ദർഘാസ്/ലേല പരസ്യത്തിലെ പൊതുവായ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

8. ലേലത്തിൽ വിജയിച്ച പാട്ടക്കാരൻ കശുവണ്ടി തോട്ടത്തിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടി 1977-ലെ അസംസ്കൃത കശുവണ്ടി (വിൽപ്പനയും വിതരണവും) ഉത്തരവ് അനുസരിച്ച് ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ വിൽക്കേണ്ടതാണ്. അപ്രകാരം വിൽപ്പന നടത്തിയിട്ടുള്ള കശുവണ്ടിക്ക്, അംഗീകൃത ഏജൻസിയിൽ നിന്നും കിട്ടുന്ന രശീതി ബന്ധപ്പെട്ട റെയിഞ്ച് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. കശുവണ്ടി ശേഖരണത്തെയും വിപണനത്തെയും സംബന്ധിച്ച് കാലാകാലങ്ങളിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആണ്.

9. തോട്ടം ലേലം ചെയ്തെടുക്കുന്ന പാട്ടക്കാരൻ അതാത് തോട്ടങ്ങളിലെ ഈ വർഷത്തെ അഗ്നി പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഫയർലൈൻ തോട്ടത്തിന് ചുറ്റും സ്വന്തം ചെലവിൽ എടുക്കേണ്ടതും ആവശ്യമായ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പാട്ടക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവർത്തികൾ ഡിപ്പാർട്ട്മെന്റലായി ചെയ്യുന്നതായിരിക്കും.

10. ലേലം സംബന്ധിച്ചുള്ള കൂടുതൽ വ്യവസ്ഥകൾ എന്തെങ്കിലും ചേർക്കണമെങ്കിൽ ആയത് ലേല സമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക - എ**

| നമ്പർ | റെയിഞ്ചിന്റെ പേര് | തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | ടെണ്ടർ ഫോറത്തിന്റെ വില |
|---|---|---|---|---|
| 1 | മണ്ണാർക്കാട് റെയിഞ്ച് | 1956 മുളകുവള്ളം | 40.86 | 555+ജി.എസ്.ടി. |
| 2 | മണ്ണാർക്കാട് റെയിഞ്ച് | 1957 കാഞ്ഞിരംകുന്ന് | 29.676 | 1155+ജി.എസ്.ടി. |
| 3 | മണ്ണാർക്കാട് റെയിഞ്ച് | 1958 കാഞ്ഞിരംകുന്ന് | 13.069 | 335+ജി.എസ്.ടി. |
| 4 | മണ്ണാർക്കാട് റെയിഞ്ച് | 1958 മുളകുവള്ളം | 13.302 | 335+ജി.എസ്.ടി. |
| 5 | മണ്ണാർക്കാട് റെയിഞ്ച് | 1978 തിരുവിഴാംകുന്ന് | 2.000 | 335+ജി.എസ്.ടി. |
| 6 | മണ്ണാർക്കാട് റെയിഞ്ച് | 1982 തിരുവിഴാംകുന്ന് മിക്സഡ് പ്ലാന്റേഷൻ | 13.800 | 335+ജി.എസ്.ടി. |
| 7 | മണ്ണാർക്കാട് റെയിഞ്ച് | 1995 കാഞ്ഞിരംകുന്ന് | 10.000 | 600+ജി.എസ്.ടി. |
| 8 | മണ്ണാർക്കാട് റെയിഞ്ച് | 1961 പാണക്കാടൻ തേക്ക് തോട്ടത്തിനകത്തുള്ള കശുമാവുകൾ | 18.620 | 335+ജി.എസ്.ടി. |
| 9 | മണ്ണാർക്കാട് റെയിഞ്ച് | 1963 പാണക്കാടൻ തേക്കുതോട്ടത്തിനകത്തുള്ള കശുമാവുകൾ | 16.770 | 335+ജി.എസ്.ടി. |
| 10 | മണ്ണാർക്കാട് റെയിഞ്ച് | 1981 തത്തേങ്ങലം | 31.36 | 335+ജി.എസ്.ടി. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക - ബി**

| നമ്പർ | ദർഘാസ് ഫോറം ഓഫീസിൽ നിന്നും ലഭിക്കുന്ന അവസാന തീയതി, സമയം | നിരതദ്രവ്യം പണമായി ഒടുക്കേണ്ട അവസാന തീയതി, സമയം | പൂരിപ്പിച്ച മുദ്രവെച്ച ദർഘാസുകൾ തിരികെ സമർപ്പിക്കേണ്ട അവസാന തീയതി, സമയം | ലേല തീയതി, സമയം |
|---|---|---|---|---|
| 1 | 29-12-2023, 1 പി.എം | 29-12-2023, 1 പി.എം | 29-12-2023,2 പി.എം | 29-12-2023,3 പി.എം |
| 2 | 5-1-2024, 1 പി.എം | 5-1-2024, 1 പി.എം | 5-1-2024,2 പി.എം | 5-1-2024, 3 പി.എം |
| 3 | 12-1-2024, 1 പി.എം | 12-1-2024, 1 പി.എം | 12-1-2024,2 പി.എം | 12-1-2024, 3 പി.എം |

ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ മണ്ണാർക്കാട് റെയിഞ്ചാഫീസിൽ നിന്നോ അറിയാവുന്നതാണ്.

ദർഘാസുകൾ ലേലത്തിന് ശേഷം തുറക്കുന്നതായിരിക്കും. ടി പട്ടികയിൽ ഉള്ള ഏതെങ്കിലും തോട്ടത്തെ ലേലത്തിൽ നിന്ന് ഒഴിവാക്കുന്നതിനോ പട്ടികയിൽപ്പെടാത്ത ഏതെങ്കിലും തോട്ടം കൂടി കൂടുതലായി ലേലത്തിൽ ഉൾപ്പെടുത്തുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മണ്ണാർക്കാട്.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കോഴിക്കോട് ഡിവിഷൻ

ലേല പരസ്യം

നം : ഇ2-979/2023 തിയ്യതി : 12.12.2023

ആനക്കാം പൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത നിർമ്മിക്കുന്നതിന് വേണ്ടി കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയ്ഞ്ച് പരിധിയിൽ വരുന്ന മറിപ്പുഴ ഭാഗത്തുനിന്നും മുറിച്ചു മാറ്റേണ്ടതും താഴെ പട്ടികയിൽ പരാമർശിക്കുന്നതുമായ മരങ്ങൾ 05.01.2024 തീയതിയിൽ രാവിലെ 11 മണിക്ക് MSTC (*www.mstcecommerce.com*) വഴി ഓൺലൈൻ ആയി നിൽപ്പുവിലക്ക് ലേലം ചെയ്യുന്നതാണ്. അന്നേദിവസം വല്ല കാരണവശാലും പൊതു അവധിയായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ലേലം നടത്തുന്നതായിരിക്കും. പ്രസ്തുത തിയ്യതിയിൽ മരങ്ങൾ വിൽപ്പനയാകാത്തപക്ഷം 15.01.2024, 24.01.2024 എന്നീ തിയ്യതികളിൽ അതേ സമയത്ത് ലേലം നടത്തുന്നതാണ്.

**പട്ടിക**

| ക്രമ നമ്പർ | ഇനം | നെഞ്ചുയരത്തിലെ മദ്ധ്യവണ്ണം (സെന്റി മീറ്ററിൽ) | ഉയരം മീറ്ററിൽ |
|---|---|---|---|
| 1 | പ്ലാവ് | 70 | 5 |
| 2 | പ്ലാവ് | 84 | 6 |
| 3 | പ്ലാവ് | 87 | 7 |
| 4 | വട്ട | 35 | 2.5 |
| 5 | വട്ട | 48 | 5 |
| 6 | വട്ട | 43 | 4 |
| 7 | പ്ലാവ് | 46 | 4 |
| 8 | വട്ട | 125 | 8 |
| 9 | കായാമ്പു | 80 | 3 |
| 10 | കോളി | 86 | 3 |
| 11 | മുരിക്ക് | 52 | 3 |
| 12 | മുട്ടിപുളി | 55 | 3 |
| 13 | പ്ലാവ് | 59 | 7 |
| 14 | കല്ലൻ കമ്പിളി | 34 | 4 |
| 15 | കല്ലൻ കമ്പിളി | 34 | 4 |
| 16 | പ്ലാവ് | 55 | 3 |
| 17 | കല്ലൻ കമ്പിളി | 50 | 7 |
| 18 | പ്ലാവ് | 50 | 8 |
| 19 | മുക്കണ്ണി / തൊടയം | 37 | 4 |
| 20 | അമ്പഴം | 41 | 3 |
| 21 | വട്ട | 98 | 3 |
| 22 | മുക്കണ്ണി | 42 | 6 |
| 23 | പ്ലാവ് | 73 | 6 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 24 | പ്ലാവ് | 90 | 6 |
| 25 | പ്ലാവ് | 71 | 6 |
| 26 | വട്ട | 49 | 6 |
| 27 | കുളിർ മാവ് | 40 | 4 |
| 28 | ചാരവട്ട | 53 | 6 |
| 29 | കാട്ടുജാതി | 78 | 6 |
| 30 | പ്ലാവ് | 81 | 6 |
| 31 | വട്ട | 64 | 7 |
| 32 | പ്ലാവ് | 90 | 10 |
| 33 | കുടംപുളി | 66 | 8 |
| 34 | കായാമ്പൂ | 36 | 3 |
| 35 | ചോരപ്പാലി | 62 | 4 |
| 36 | ചോരപ്പാലി | 154 | 7 |
| 37 | ചീരളം | 68 | 4 |
| 38 | ചോരപ്പാലി | 56 | 3 |
| 39 | ചോരപ്പാലി | 136 | 7 |
| 40 | കായാമ്പൂ | 50 | 2 |
| 41 | ചോരപ്പാലി | 71 | 2 |
| 42 | ചോരപ്പാലി | 62 | 2 |
| 43 | വട്ട | 32 | 2 |
| 44 | വട്ട | 44 | 3 |
| 45 | വട്ട | 36 | 3.5 |
| 46 | ചാര വട്ട | 79 | 6 |
| 47 | മുക്കണ്ണി | 40 | 5 |
| 48 | വട്ട | 54 | 6 |
| 49 | മുക്കണ്ണി | 44 | 6 |
| 50 | മുക്കണ്ണി | 62 | 5 |
| 51 | വട്ട | 44 | 7 |
| 52 | മുട്ടിപ്പുളി | 35 | 3 |
| 53 | മുട്ടിപ്പുളി | 40 | 8 |
| 54 | മുക്കണ്ണി | 32 | 4 |
| 55 | വട്ട | 128 | 10 |
| 56 | മുക്കണ്ണി | 38 | 4 |
| 57 | കാട്ടുചാമ്പ | 37 | 1 |
| 58 | കോളി | 66 | 8 |
| 59 | വെള്ള പൈൻ | 47 | 6 |
| 60 | നീലി | 96 | 7 |
| 61 | നീലി | 64 | 2 |
| 62 | കല്ലൻ എടല | 71 | 4 |
| 63 | ആഫ്രിക്കൻ ചോല | 94 | 6 |
| 64 | നീലി | 215 | 10 |
| 65 | കോളി | 145 | 6 |
| 66 | നീലി | 46 | 2 |
| 67 | കാട്ടുചെമ്പകം | 121 | 10 |
| 68 | പ്ലാവ് | 58 | 6 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 69 | മാവ് | 202 | 5 |
| 70 | വട്ട | 31 | 3 |
| 71 | കമ്പിളി | 88 | 4 |
| 72 | കമ്പിളി | 42 | 16 |
| 73 | കമ്പിളി | 34 | 3 |
| 74 | ചോല | 70 | 4 |
| 75 | ചോല | 59 | 4 |
| 76 | കമ്പിളി | 60 | 4 |
| 77 | കമ്പിളി | 67 | 4 |
| 78 | കല്ലൻ കമ്പിളി | 68 | 2 |
| 79 | കല്ലൻ കമ്പിളി | 74 | 5 |
| 80 | മുള്ളിലം | 78 | 4 |
| 81 | കുരി | 66 | 2 |
| 82 | പാലി | 142 | 6 |
| 83 | കുരി | 62 | 2 |
| 84 | പാലി | 53 | 3 |
| 85 | കോളി | 345 | 8 |
| 86 | കല്ലൻ കമ്പിളി | 58 | 4 |
| 87 | കോളി | 215 | 7 |
| 88 | കമ്പിളി | 61 | 4 |
| 89 | മുരിക്ക് | 86 | 7 |
| 90 | സിന്ദൂരി | 88 | 4 |
| 91 | ചോല | 76 | 5 |
| 92 | കല്ലൻ കമ്പിളി | 58 | 6 |
| 93 | കല്ലൻ കമ്പിളി | 43 | 3 |
| 94 | ചാരവട്ട | 74 | 6 |
| 95 | വെള്ള പൈൻ | 41 | 4 |
| 96 | കുടംപുളി | 104 | 7 |
| 97 | ചീരളം | 55 | 2 |
| 98 | കല്ലൻ കമ്പിളി | 144 | 5 |
| 99 | ചീരളം | 40 | 4 |
| 100 | കല്ലൻ കമ്പിളി | 75 | 4 |
| 101 | സിന്ദൂരി | 88 | 5 |
| 102 | ചളിര് | 63 | 2 |
| 103 | കല്ലടല | 30 | 2 |

**ലേലവ്യവസ്ഥകൾ**

1. താഴെ പറയുന്ന പ്രത്യേക ലേല നിബന്ധനകൾക്ക് പുറമേ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 06.12.2008 ലെ പ്രൊ-57698/2008 നമ്പർ പ്രകാരം 16.12.2008 ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതു ലേലനിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും. സർക്കാർ തടി ഡിപ്പോകളിൽ അതാതു കാലത്ത് നിലവിൽ വരുന്ന പൊതു ലേലവ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ലേലത്തിന് മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരങ്ങളുടെ നിൽപ്പ സ്ഥിതിയും അളവ്, എണ്ണം, ഗുണനിലവാരം മുതലായവയും നേരിട്ട് പരിശോധിച്ച് തൃപ്തിപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

3. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി 25,000 (ഇരുപത്തയ്യായിരം) രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.

4. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ മൊത്തം വില 25,000 (ഇരുപത്തയ്യായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതൽ ആണെങ്കിൽ മൊത്തം ലേലതുകയുടെ 35%, കുറഞ്ഞത് 25,000 രൂപയും കൂടിയത് 1,00,000 (ഒരു ലക്ഷം) രൂപയും എന്ന കണക്കിൽ ലേലം കഴിഞ്ഞ ഉടനെ അടക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി വിവരം അറിയിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ബാക്കി വിലയും നിലവിലുള്ള വിൽപ്പന നികുതി, വനവികസന നികുതി, ആദായ നികുതി എന്നിവയും ഒടുക്കി ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

5. മേൽ പ്രസ്താവിച്ചിട്ടുള്ള നിൽപ്പ മരങ്ങളുടെ വ്യാപ്തം വോള്യം ടേബിൾ പ്രകാരം കണക്കാക്കിയിട്ടുള്ളതാണ്. മരം മുറിച്ച് തടികളാക്കുമ്പോൾ വ്യാപ്തത്തിൽ വ്യത്യാസം വരാവുന്നതാണ്. ആകയാൽ ലേലത്തിൽ പങ്കുകൊള്ളുന്നവർ നേരത്തെ തന്നെ മരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല. ലേലത്തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം വഴിയോ കാലാവധി സാക്ഷ്യപ്പെടുത്തിയ ട്രഷറി ചലാൻ മുഖാന്തിരമോ അടയ്ക്കാവുന്നതാണ്.

6. ലേലം കൊള്ളുന്നയാൾ മേൽ പരാമർശിച്ച മുഴുവൻ മരങ്ങളും സ്വന്തം ചെലവിൽ മറ്റ് നാശനഷ്ടങ്ങളൊന്നും ഉണ്ടാക്കാതെ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. ലേല വസ്തുക്കൾ മുഴുവനും നിശ്ചിത സമയത്തിനുള്ളിൽ സ്ഥലത്തുനിന്ന് നീക്കം ചെയ്യുന്നതിന് വീഴ്ച വരുത്തിയാൽ ആദ്യ ലേലക്കാരനെ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ മുഴുവൻ പുനർ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലം കൊണ്ടയാൾക്ക് മാത്രമായിരിക്കും. പുനർലേലം മുഖാന്തരം സർക്കാർ നഷ്ടം ഉണ്ടായാൽ ആയത് ആദ്യലേലക്കാരനിൽ നിന്നും നിയമപ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള മേൽവിലാസങ്ങളിൽ / ഇ മെയിൽ / ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
സിവിൽ സ്റ്റേഷൻ ബി-ബ്ലോക്ക്
കോഴിക്കോട് - 673020
ഫോൺ : 0495-2374450
ഇ-മെയിൽ : dfo.kozh.for@kerala.gov.in

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ
താമരശ്ശേരി
കോഴിക്കോട് - 673573
ഫോൺ : 0495-2223720
ഇ-മെയിൽ : ro-trsy.for@kerala.gov.in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

MSTC ലിമിറ്റഡിന്റെ ഇ-ലേല മോഡ്യൂളിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക സഹായങ്ങൾക്ക് കമ്പനിയുടെ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

വിലാസം : MSTC Branch Office, 1st Floor, BSNL CTO Building, Opp. Govt. Secretariat, M.G. Road, Statue, Thiruvananthapuram-695001. Ph : (0471)2326686

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോഴിക്കോട് ഡിവിഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള വനം വകുപ്പ്
# കാസറഗോഡ് വനം ഡിവിഷൻ
# കശുവണ്ടി തോട്ട വിഭവ ലേലപരസ്യം

KFDDO/26906/2023-DFOKSGD/A4 *തീയതി : 17.12.2023*

*കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റെയിഞ്ചിലെ താഴെ പട്ടികയിൽ വിവരിക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ നിന്നും 2024 ജൂൺ 30 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ താഴെ പറയുന്ന ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാകുന്നു.*

1. *ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.*
2. *ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം ലേലത്തിന് മുൻപായി കശുവണ്ടി ശേഖരണത്തിന് ഓരോ യൂണിറ്റിനും 3000 രൂപ വീതം നിരതദ്രവ്യം കെട്ടിവെക്കേണ്ടതും ലേല വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിടേണ്ടതുമാണ്.*
3. *ലേലത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടു മുമ്പുള്ള പ്രവൃത്തി ദിവസം 3 മണി വരെ ഓരോ യൂണിറ്റിനും പ്രത്യേകം സീൽ ചെയ്ത ലേലഷേപ്പറുകൾ സ്വീകരിക്കുന്നതാണ്. ലേല ഫോറത്തിന്റെ കൂടെ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും, 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ലേല ഫോറങ്ങൾ കാസറഗോഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും ലേലദിവസത്തിനു തൊട്ടുമുൻപുള്ള പ്രവൃത്തി ദിവസം 1 മണി വരെ നിശ്ചിത വിലയും വിൽപ്പന നികുതിയും അടച്ചാൽ ലഭിക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ലേലഷേപ്പറുകൾ പരിഗണിക്കുന്നതല്ല. വിളിച്ചെടുക്കാനുദ്ദേശിക്കുന്ന കശുവണ്ടി തോട്ടത്തിന്റെ പേരും യൂണിറ്റ് നമ്പർ, ഉദ്ദേശിക്കുന്ന വില എന്നിവയും ലേലത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ യൂണിറ്റിനും ഏറ്റവും ഉയർന്ന തുക ലേലം കൊണ്ടയാളുടെ പേരിൽ ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ലേലത്തുക വകുപ്പിന്/സർക്കാരിന് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ടി യൂണിറ്റിന്റെ ലേല വിൽപ്പന റദ്ദ് ചെയ്യുന്നതാണ്. ലേല ഫോറം വാങ്ങിച്ചവർ ഉൾപ്പെടെ ആർക്കും നിശ്ചിത തുക നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.*
4. *ലേലത്തിൽ പങ്കു കൊള്ളുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റും (ആറ് മാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത്) ആദായ നികുതി വകുപ്പ് അനുവദിക്കുന്ന പാൻ കാർഡിന്റെ*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പകർപ്പും നിരതദ്രവ്യം കെട്ടിവെക്കുന്നതിന് മുൻപായി ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

5. ലേലത്തിന് ശേഷം യാതൊരു തരത്തിലുള്ള പരാതികളും പരിഗണിക്കുന്നതല്ല എന്നതിനാൽ പങ്കുകൊള്ളുന്നവർ ലേലത്തിന് മുമ്പ് തോട്ടങ്ങൾ പരിശോധിച്ച് വിളവുകളുടെ തരവും ഗുണവും മറ്റും നല്ലത് പോലെ ബോദ്ധ്യപ്പെടേണ്ടതാണ്.

6. ലേലത്തിൽ വെക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതും അവ നിയന്ത്രിക്കുന്നതും ആയ സർക്കാർ സേവകന്റെ ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

   കുറിപ്പ് : ഇതു പ്രകാരം ബന്ധുക്കൾ എന്നതിന് വിവക്ഷം അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തരവൻ, ഭാര്യയുടെയോ, ഭർത്താവിന്റെയോ അച്ഛൻ, മരുമകൻ തുടങ്ങിയ 31.01.1967ലെ ജിഎംഎസ്-3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നതാണ്.

7. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം നടത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉൽഭവിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

8. ഓരോ യൂണിറ്റ് ലേലം കൊണ്ട ആളും ലേലത്തുക 10,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും 10,000/- രൂപയിൽ കൂടുതലാണെങ്കിൽ ചുരുങ്ങിയത് 10,000/- രൂപയോ ലേലത്തുകയുടെ മുന്നിൽ ഒന്നോ ഏതാണ് കൂടുതൽ അതു നിരതദ്രവ്യം ഉൾപ്പെടെ കെട്ടിവെക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരനെ പുനർലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലത്തിൽ പരാജയപ്പെട്ടവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ അവർക്ക് തിരിച്ചു നൽകുന്നതായിരിക്കും.

9. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ട ആളിനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃതമായ നികുതികളും ലേലത്തുകയുടെ 10% വരുന്ന സെക്യൂരിറ്റി തുകയും കുറഞ്ഞത് 500/- രൂപ അടച്ച് മുഴുവൻ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി ഒപ്പ് വെക്കേണ്ടതാണ്.

10. തക്കതായ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം പ്രസ്തുത തുകകൾ അടയ്ക്കുന്നതിനും കരാർ ഒപ്പ് വെക്കുന്നതിനും സാധിക്കാതെ വന്നാൽ ആയതിന് 18% പലിശയോടു കൂടി 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഇപ്രകാരം ദിവസം ഒന്നിന് 25/- രൂപ വെച്ച് പിഴ ഈടാക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. *പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുക അടക്കാൻ വീഴ്ച വരുത്തിയാൽ 24% പലിശയോടുകൂടി 15 ദിവസം കൂടി കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തമാണെന്ന് തോന്നുന്നപക്ഷം അനുവദിക്കാവുന്നതാണ്.*
12. *പ്രസ്തുത തുക അടക്കുകയും ഉടമ്പടി വെക്കാൻ സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് 10 രൂപ വെച്ച് പിഴ ഈടാക്കി ഉടമ്പടി വെക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.*
13. *പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുകകൾ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം ലേലം കൊണ്ട ആളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതും, അതിൽ നിന്നുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതും, ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുന്ന തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്.*
14. *ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ടയാളിനെ അറിയിക്കുകയും, ടിയാൻ ലേലത്തുക അടക്കുകയും ചെയ്തതിനു ശേഷം കശുവണ്ടി ശേഖരണം ടിയാൻ നടത്താതിരിക്കുകയോ, ടിയാന് നടത്താൻ സാധിക്കാതിരിക്കുകയോ ചെയ്താൽ അടച്ച ലേലത്തുക ടിയാന് തിരിച്ചു ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും യാതൊരുവിധ അവകാശവുമുണ്ടായിരിക്കുന്നതല്ല.*
15. *ലേലത്തിൽ വിജയിക്കുന്ന ആൾ 09.03.1976ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23.02.1976ലെ ജിഒ(പി) 62/76/എഡി നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.*
16. *ലേലം കൊണ്ട ആൾ കരാറിൽ ഒപ്പു വെച്ച ശേഷം ശേഖരിക്കുന്ന കശുവണ്ടി മുഴുവൻ 1976 ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിപണനവും) ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് കശുവണ്ടി കുത്തക സംഭരണത്തിനും അതാത് കാലത്ത് നിശ്ചയിക്കുന്നതും ഏജൻസിക്കും സർക്കാർ അപ്പോൾ നിശ്ചയിക്കുന്ന വില നിരക്ക് അനുസരിച്ച് വിൽക്കേണ്ടതാണ്.*
17. *നേഴ്സറികൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ള പക്ഷം കശുമാവ് തോട്ടങ്ങളിൽ നിന്ന് നല്ലതരം കശുവണ്ടി വിത്തുകൾ അംഗീകൃത വില നൽകി തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം വനംവകുപ്പിന് ഉണ്ടായിരിക്കും.*
18. *കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാരൻ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം. തോട്ടത്തിൽ യാതൊരു കാരണവശാലും കളപിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കാട്ടുതീ മൂലമോ ഉണക്കു മൂലമോ മറ്റു വല്ല വിധത്തിലുള്ള കാരണങ്ങളിലൂടെയോ എന്തെങ്കിലും നഷ്ടം നേരിട്ടാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.*
19. *ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിനെടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാനോ സ്ഥലം മുഴുവനായോ ഭാഗീകമായോ ഏൽപ്പിച്ചുകൊടുക്കുവാനോ പാടുള്ളതല്ല. അങ്ങനെ നൽകാനുള്ള അപേക്ഷ യാതൊരു*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാരണവും കാണിക്കാതെ തള്ളാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കും.

20. മുകളിൽ 8-ാം നമ്പർ വ്യവസ്ഥയിൽ നിബന്ധനകൾ പൂർത്തീകരിച്ചതിന് ശേഷം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിന് ശേഷം മാത്രമേ ലേലക്കാരൻ പാട്ടസ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന് മുമ്പ് സ്ഥലത്ത് പ്രവേശിക്കുന്നത് കയ്യേറ്റമായി കണക്കാക്കുകയും അതിന് ലേലക്കാരന് എതിരെ കേരളാ വനനിയമ പ്രകാരം പ്രൊസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

21. ലേലവില 1000 രൂപയ്ക്ക് മുകളിലും 5000 രൂപയ്ക്ക് താഴെയും ആണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കികിട്ടുന്നതിന് വിൽപ്പന നികുതിയോടൊപ്പം കാർഷിക നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേലസംഖ്യ 5000 രൂപയോ അതിനു മുകളിലോ ആണെങ്കിൽ വിൽപ്പന നികുതിയുടേയും കാർഷികാദായ നികുതിയുടെ പുറമെ ആദായ നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. കേസ് സംബന്ധിച്ച് വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന് പുറത്ത് ബിസിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതിക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

22. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുന്നതാകയാൽ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാർ റദ്ദാക്കിയ തീയതിക്കോ അതിനു മുൻപോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്തു കിടക്കുന്നതുമായ എല്ലാ ഉൽപ്പന്നങ്ങളും കസ്റ്റഡിയിൽ എടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. അങ്ങനെയുള്ള കാര്യത്തിൽ കരാറുകാരന് യാതൊരു നഷ്ടപരിഹാരത്തിനോ അതനുസരിച്ച് ഉൽപ്പന്നങ്ങൾ വിറ്റു കിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

23. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരളാ ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്. വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനസംരക്ഷണത്തിനും പാട്ടസ്ഥലത്തോ അതിനടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന വനംകുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ട എല്ലാ സഹായങ്ങളും നൽകേണ്ടതാണ്.

24. ഉൽപ്പന്നങ്ങൾ പാട്ടസ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്നതായിരിക്കും. ശേഖരിക്കുന്ന ഉൽപ്പന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്നത് മാസാന്ത്യ കണക്കുകളിൽ കാണിക്കുന്നത് ഡിപ്പാർട്ട്മെന്റിൽ നൽകുന്ന പാസ്സുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ടസ്ഥലത്തിന് പുറമെയുള്ള വനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്തു നിന്നും സാധനങ്ങൾ രാവിലെ 6 മണി മുതൽ വൈകുന്നേരെ 6 മണി വരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

25. നിയമാനുസൃതമായി ലേലത്തിന് ശേഷം നൽകുന്ന വാഗ്ദാനങ്ങൾ വല്ലതും ഉണ്ടെങ്കിൽ അവ സ്വീകരിച്ച് നിയമാനുസൃതമായ നടപടികൾ അതിന്മേൽ കൈക്കൊള്ളുന്നതായിരിക്കും.
26. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും 45 സ്ക്വയർ മീറ്ററിന് 5 രൂപ പ്രകാരം 1 ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുൻപായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ച് നീക്കം ചെയ്യുന്നതും അതിനു വരുന്ന ചിലവ് കരാറുകാരനിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ള പക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.
27. കരാർ കാലാവധി തീരുന്നതുവരെ ഓരോ യൂണിറ്റിലെയും വീഡിംഗ് പ്രവൃത്തി ടി യൂണിറ്റുകൾ ലേലത്തിനെടുത്ത ആളുകൾ തന്നെ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
28. ലേലത്തിന് ശേഷം ലേല സംഖ്യയെക്കാൾ കൂടുതൽ വില കൊടുക്കുവാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് നൽകുന്ന വാഗ്ദാനങ്ങൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കുന്നതായിരിക്കും.

എ) ലേല സംഖ്യ 1 ലക്ഷം രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 10% ത്തേക്കാൾ കുറയാൻ പാടില്ല.

ബി) ലേല സംഖ്യ 1 ലക്ഷം രൂപയേക്കാൾ കുറവാണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 20% ത്തിൽ കുറയാൻ പാടില്ല.

സി) ലേലക്കാരൻ, ലേലദിവസം കെട്ടിയ സംഖ്യയുടെ ഇരട്ടി സംഖ്യ ജാമ്യമായി അടക്കേണ്ടതാണ്.

ഡി) ലേലത്തീയതി മുതൽ 7 ദിവസത്തിനകം വാഗ്ദാനം (പോസ്റ്റ് ഓഫർ) ഈ ഓഫീസിൽ ലഭിച്ചിരിക്കണം.

ഇ) വാഗ്ദാനങ്ങൾ നൽകിയ അപേക്ഷ കണക്കിലെടുത്ത് അയക്കുന്ന നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ടി സംഖ്യ ട്രഷറിയിൽ അടച്ച് ചെലാൻ രശീതി ഹാജരാക്കണം.

എഫ്) വാഗ്ദാനക്കാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മുമ്പാകെ മേൽ നിബന്ധനകൾ സ്വീകാര്യമാണെന്ന ഉടമ്പടി വയ്ക്കേണ്ടതാണ്.

ജി) മേൽ നിബന്ധനകൾ അനുസരിച്ചാൽ ആവശ്യമായ പരസ്യം നൽകി പുനർ ലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ മുൻ ലേലത്തേക്കാൾ കുറഞ്ഞ സംഖ്യ മാത്രമേ ലഭിച്ചിട്ടുള്ളൂവെങ്കിൽ വാഗ്ദാനക്കാരന് നൽകുന്നതായിരിക്കും. എന്നാൽ കൂടുതൽ സംഖ്യയ്ക്ക് ലേലം നടന്നാൽ കൂടുതൽ സംഖ്യയ്ക്ക് കൊണ്ട ആൾക്ക് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ ബന്ധപ്പെട്ട റെയിഞ്ച് ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

29. താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന യൂണിറ്റുകളിൽ ഏതെങ്കിലും യൂണിറ്റിന്റെ ലേലം ഭാഗികമായോ മുഴുവനായോ നിർത്തി വെക്കുന്നതിനുള്ള അധികാരവും അവകാശവും ലേലം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതും അങ്ങനെ നിർത്തിവെക്കുന്ന വിവരങ്ങൾ ലേലത്തിന് മുമ്പായി അറിയിക്കുന്നതുമാണ്.

**പട്ടിക - 1**

| യൂണിറ്റ് | റെയിഞ്ച് | യൂണിറ്റിന്റെ വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | ലേലം ചെയ്യുന്ന തീയതി, സമയം |
|---|---|---|---|---|
| 1 | കാസറഗോഡ്<br>-ടി-<br>-ടി- | 1939 തോട്ടം കൂപ്പ് 6 കാറഡുക്ക 21 ഹെക്ടർ<br>1939 " 7 " 22 "<br>1940 " 8 " 15 " | 58 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 10.01.2024 ന് രാവിലെ 11.30 മണിക്ക് |
| 2 | -ടി- | 1941 " 9 " 21 "<br>1943 " 10 " 24 "<br>1944 " 11 " 21 " | 66 | -ടി- |
| 3 | -ടി- | 1945 " 18(ഭാഗം) & 19(ഭാഗം) കാറഡുക്ക | 20 | -ടി- |
| 4 | -ടി- | 1959 തോട്ടം കൂപ്പ് 19 ഭാഗം കാറഡുക്ക 20, 11 (ഭാഗം) | 61 | -ടി- |
| 5 | -ടി- | 1960 തോട്ടം കൂപ്പ് 12,13,14,17 കാറഡുക്ക | 56 | -ടി- |
| 6 | -ടി- | 1959 തോട്ടം കൂപ്പ് 25 (ഭാഗം മുളിയാർ) | 13 | -ടി- |
| 7 | -ടി- | 1941 തോട്ടം കൂപ്പ് 3 മുളിയാർ | 51 | -ടി- |
| 8 | -ടി- | 1945 തോട്ടം കൂപ്പ് 6(ഭാഗം) 1948 തോട്ടം കൂപ്പ് 7 ഭാഗം | 23 | -ടി- |
| 9 | -ടി- | 1946, 1948, 1949, 1950 തോട്ടം മുളിയാർ | 77 | -ടി- |
| 10 | -ടി- | കാസറഗോഡ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ വനങ്ങളിൽ നിന്നും | 51 | -ടി- |
| 11 | -ടി- | 1961 തോട്ടം കാറഡുക്ക | 24 | -ടി- |
| 12 | -ടി- | 1972 തോട്ടം കാറഡുക്ക | 40 | -ടി- |
| 13 | -ടി- | 1976 തോട്ടം കാറഡുക്ക | 40 | -ടി- |
| 14 | -ടി- | 1978 തോട്ടം കാറഡുക്ക | 152.72 | -ടി- |
| 15 | -ടി- | 1978 തോട്ടം കാറഡുക്ക | 31.50 | -ടി- |
| 16 | -ടി- | 1978 തോട്ടം മുളിയാർ | 132.490 | -ടി- |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 17 | -ടി- | 1980 തോട്ടം കാറഡുക്ക, മുളിയാർ | 90.75 | -ടി- |
| 18 | -ടി- | 1981 തോട്ടം, 1931 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് കാറഡുക്ക | 52 | -ടി- |
| 19 | -ടി- | 1981 തോട്ടം കാറഡുക്ക & 1940 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് | 57 | -ടി- |
| 20 | -ടി- | 1981 തോട്ടം, 1942, 1944 തോട്ടങ്ങളുടെ ഭാഗത്ത് വെച്ച് പിടിപ്പിച്ചത്, കാറഡുക്ക | 5.40 | -ടി- |
| 22 | -ടി- | 1986 തോട്ടം കനകമജ്ലു റിസർവ്വ് | 15 | -ടി- |
| 23 | -ടി- | 1979 തോട്ടം കിദൂർ (നിർദ്ദിഷ്ട റിസർവ്വ് വനം) | 18.92 | -ടി- |

10.01.2024 ലെ ലേലത്തിൽ മുകളിൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും യൂണിറ്റിന് ലേലക്കാർ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റികളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 17.01.2024 ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് പുനർലേലം ചെയ്യുന്നതായിരിക്കും.

17.01.2024 ലെ പുനർ ലേലത്തിൽ വെച്ച് ഏതെങ്കിലും യൂണിറ്റിന് ലേലക്കാരൻ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 25.01.2024 ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ച് ആഫീസിൽ വെച്ച് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും. ലേലക്കാരൻ യഥാസമയം പണമടച്ച് കരാർ ഒപ്പ് വെച്ചില്ലെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 03.02.2024 ന് 11.30 മണിക്ക് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും.

നിരതദ്രവ്യം : 3000/ രൂപ

ലേല ഫോറത്തിന്റെ വില : 500/- + 12% ജി.എസ്.ടി.

**അഷ്റഫ് കെ**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
**കാസറഗോഡ് ഡിവിഷൻ, കാസറഗോഡ്**
**(കേരള ഗവർണ്ണർക്കു വേണ്ടി)**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.12.19 03:42:36 +05:30